കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കേരളശ്ശേരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18 സാമ്പത്തിക വർഷം

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്.

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നമ്പർ കെ.എസ്.എ.പി.കെ.ഡി17-168/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട് .

തീയതി-20.02.2019.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കേരളശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കേരളശ്ശേരി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3)കാര്യാലയ പകർപ്പ്

നമ്പർ കെ.എസ്.എ.പി.കെ.ഡി17-168/2019 തീയതി: 20.02.2019.

## പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

പാലക്കാട് ജില്ലയിലെ കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 31-05-2017 മുതൽ 21-11-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ----എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ.വാസുദേവൻ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 22.11.2018 മുതൽ 30.11.2018 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീമതി. ബിന്ദു.പി.ജി | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| 2 | ശ്രീമതി. പ്രീത.യു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| 3 | ശ്രീ. ഷർഫുദ്ദീൻ.എസ്.എച്ച് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീ. ശിവപ്രസാദ്.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 5 | ശ്രീമതി.രമാദേവി.കെ.ആർ | ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി .ബിന്ദു കൃഷ്ണദാസ് | 01-04-2017 മുതൽ 31-03-2018വരെ |
| സെക്രട്ടറി | ശ്രീമതി. ജലജ.സി | 01-04-2017 മുതൽ 02-08-2017വരെ |
| | ശ്രീ. ബാലകൃഷ്ണൻ പുളിക്കൽ | 03-8-2017 മുതൽ 31-03-2018വരെ |

(ബി) മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസി.സെക്രട്ടറി | ശ്രീ.ആർ.സുനിൽ | 01-04-2017മുതൽ 14-06-2017വരെ |
| | ശ്രീ. മധു.എസ്, അക്കൗണ്ടന്റ് (അസി.സെക്രട്ടറി ഇൻചാർജ്) | 15-06-2017മുതൽ 27-06-2017വരെ |
| | ശ്രീമതി.ബിന്ദു.എസ്.എസ് | 28-06-2017മുതൽ 31-03-2018വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ഹരികൃഷ്ണൻ | 01-04-2017മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ.ലത.പി.എൻ | 01-04-2017മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. രഹന രവീന്ദ്രൻ | 01-04-2017മുതൽ 31-03-2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.രാധാകൃഷ്ണൻ | 01-04-2017മുതൽ 31-03-2018വരെ |
| വെറ്ററിനറി സർജൻ | ഡോ.ശ്രീജിത്ത്.വി.വി | 01-04-2017മുതൽ 31-03-2018വരെ |
| കൃഷി ഓഫീസർ | ശ്രീ. ശ്രീകുമാർ | 01-04-2017മുതൽ 31-03-2018വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. സുശീല.ടി.ആർ | 01-04-2017മുതൽ 31-03-2018വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സന്ദീപ്.എസ് | 1-4-2017മുതൽ 21-11-2017വരെ |
| | ശ്രീമതി. കൃഷ്ണപ്രിയ.എ | 22-11-2017മുതൽ 31-03-2018വരെ |

| | | |
|---|---|---|
| ഹെഡ് മിസ്ട്രസ് | ശ്രീമതി. ഉഷ.സി.വി (ഹെഡ് മിസ്ട്രസ് ഇൻചാർജ്) | 1-4-2017മുതൽ 02-06-2017വരെ |
| | ശ്രീമതി. കെ.ഷൈലജ | 03-06-2017മുതൽ 31-03-2018വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ബിന്ദു.എൻ | 01-04-2017മുതൽ 31-03-2018വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28.03.2017തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 7.03.2018 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 30-05-2018 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018 &23.06.2018 | നം.കെ.എസ്.എ-പി.കെ.ഡി.21/1904(49) തിയതി:29-8-2018 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹ 3328593 |
| വരവ് | ₹ 59704113 |

| | |
|---|---|
| ആകെ | ₹ 63032706 |
| ചെലവ് | ₹ 62070772 |
| നീക്കിയിരിപ്പ് | ₹ 961934 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 7708000 | 7708000 | 6862042 | 845958 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 10403643 | 10403643 | 9309957 | 1093686 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 6576000 | 6576000 | 6480517 | 95483 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2591000 | 2591000 | 2588825 | 2175 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 3619993 | 3619993 | 2696682 | 923311 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 18746847 | 18746847 | 17942296 | 804551 |
| ദുരിതാശ്വാസനിധി | | 9858 | 21750 | 31608 | 5000 | 26608 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 13709673 | 13709673 | 13709673 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1427 | 752798 | 754225 | 751324 | 2901 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ടി.എസ്.സി | 0 | 268294 | 268294 | 268294 | 0 |
| | ഐ.സി.ഡി.എസ് | 802283 | 485394 | 1287677 | 672241 | 615436 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | കേരളോൽസവം | 0 | 20000 | 20000 | 20000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 822500 | 822500 | 822500 | 0 |
| | ജില്ലാ പഞ്ചായത്ത് | 0 | 1175000 | 1175000 | 1175000 | 0 |
| ബി ഫണ്ട് | | 0 | 38400 | 38400 | 38400 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1111645 | 57665706 | 58777351 | 58391565 | 385786 |
| | ട്രഷറി അക്കൗണ്ട്, ജനറൽ പർപ്പസ് ഗ്രാന്റ് & മറ്റുള്ളവ | 3328045 | 63032706 | 66360751 | 65404498 | 956253 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 159 | 72141619 | 114 | 49506023 | 45 | 68.62% |

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | നടപ്പാക്കിയത് | | ചെലവഴിച്ച തുക | | ചെലവ് % |
|---|---|---|---|---|---|
| | പദ്ധതികളുടെ എണ്ണം | അടങ്കൽ | പദ്ധതികളുടെ എണ്ണം | തുക | |
| കൃഷി ഓഫീസർ | 3 | 4560950 | 2 | 3952440 | 86.6 |
| വി.ഇ.ഒ | 11 | 2669400 | 6 | 1360000 | 50.94 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 3824498 | 6 | 2558903 | 66.9 |
| സെക്രട്ടറി | 12 | 2761099 | 10 | 2548209 | 92 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 102 | 51110222 | 67 | 33326424 | 65 |
| മെഡിക്കൽ ഓഫീസർ-PHC | 10 | 1549950 | 9 | 1237107 | 79.81 |
| മെഡിക്കൽ ഓഫീസർ- | 1 | 400000 | 1 | 400000 | 100 |

| | | | | | |
|---|---|---|---|---|---|
| ആയുർവേദം | | | | | |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 50000 | 1 | 50000 | 100 |
| വെറ്ററിനറി സർജ്ജൻ | 3 | 2362000 | 3 | 1416000 | 59.94 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 500000 | 1 | 500000 | 100 |
| എച്ച്.എം | 1 | 600000 | 1 | 600000 | 100 |
| അസി.സെക്രട്ടറി | 7 | 1753500 | 7 | 1556940 | 88.79 |
| ആകെ | 159 | 72141619 | 127 | 49506023 | 68.62 |

ആകെ വകയിരുത്തിയ തുകയുടെ 68.62% മാത്രമേ തൻവർഷം ചെലവഴിച്ചിട്ടുള്ളൂ. സ്പിൽ ഓവർ പ്രവൃത്തികളുടെ ആധിക്യം, നിർവ്വഹണ കലണ്ടറിനനുസൃതമായി തുടർ നടപടികൾ സ്വീകരിക്കാതിരിക്കൽ, തൻവർഷം നടക്കാനിടയില്ല എന്നതു മൂലവും പല പദ്ധതികളും ഉപേക്ഷിക്കപ്പെടാനിടയാകുകയും പൂർത്തീകരണം നീണ്ടു പോകാനിടയാവുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃ വിഹിതം ഉൾപ്പെടുന്ന പദ്ധതികളിൽ വിഹിതം അടക്കുന്നതിന് ഗുണഭോക്താക്കൾ തയ്യാറാകാത്തതു മൂലവും പദ്ധതികൾക്ക് വകയിരുത്തിയ തുക പൂർണ്ണമായി ചെലവഴിക്കാനാകാതെ വന്നിട്ടുണ്ട്.

പദ്ധതി ആസൂത്രണത്തിലും രൂപീകരണത്തിലും നിർവ്വഹണത്തിലും താഴെ പറയുന്ന സമിതികളുടേയും കമ്മിറ്റികളുടേയും പ്രവർത്തനം കാര്യക്ഷമമല്ല എന്നുകാണുന്നു.

1. ആസൂത്രണ സമിതി

സ.ഉ(എം.എസ്)നം. 10/17/തസ്വഭവ തിയതി 09-01-2017 പ്രകാരം പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആസൂത്രണ നിർവ്വഹണ പ്രക്രിയകളിലെ ജനപങ്കാളിത്തം ഉയർത്തുന്നതിനും ഭരണസമിതിയെ സഹായിക്കാനായി ഒരു ആസൂത്രണ സമിതി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കുവാനും ആസൂത്രണത്തിന് ആവശ്യമായ പഠനങ്ങളും ചർച്ചകളും നടത്തുവാൻ ഭരണസമിതിയെ ആസൂത്രണ സമിതി സഹായിക്കേണ്ടതുണ്ട്. പ്രസിഡണ്ട് അധ്യക്ഷനും സെക്രട്ടറി കൺവീനറും ഒരു വിദഗ്ദൻ ഉപാധ്യക്ഷനുമായി 12 ൽ കുറയാത്ത അംഗങ്ങളുള്ള സമിതിയാണ് രൂപീകരിക്കേണ്ടത്.

ഗ്രാമപഞ്ചായത്തിൽ 12 അംഗങ്ങളുള്ള ആസൂത്രണ സമിതി 24.01.17ന് രൂപീകരിച്ചിട്ടുണ്ട്. 13.2.17 ൽ നടന്ന ആദ്യ യോഗത്തിൽ പദ്ധതി നിർദ്ദേശങ്ങൾ മുന്നോട്ടുവെച്ചിട്ടുണ്ട് . പിന്നീട് 1.3.17, 17.3.17 എന്നീ തീയതികളിലും 6.2.18, 27.2.18 എന്നീ തീയതികളിൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും(2018-19നു വേണ്ടി) 2017-18 വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്കായി കൂടുതൽ യോഗങ്ങളൊന്നും ചേർന്നിട്ടുള്ളതായോ പദ്ധതി ആസൂത്രണം, നിർവ്വഹണം,

വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെട്ടതായോ രേഖകളില്ല. ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള മറ്റ് ചുമതലകളും നിറവേറ്റിയതായി കാണുന്നില്ല. പദ്ധതി പ്രവർത്തനങ്ങളിൽ ആസൂത്രണ സമിതിയുടെ ഇടപെടൽ കാര്യക്ഷമമല്ല എന്ന് വിലയിരുത്തുന്നു.

2. വർക്കിംഗ് ഗ്രൂപ്പുകൾ

അനിവാര്യമായി രൂപീകരിക്കേണ്ട 12 വർക്കിംഗ് ഗ്രൂപ്പുകളെല്ലാം ഗ്രാമപഞ്ചായത്തിൽ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി മിനിറ്റ്സുകൾ പരിശോധിച്ചപ്പോൾ പല വർക്കിംഗ് ഗ്രൂപ്പും വീതം 2-3 തവണ ചേർന്നിട്ടുള്ളതായി കണ്ടു. പദ്ധതികളുടെ ആവശ്യകത മാത്രമാണ് യോഗങ്ങളിൽ വിലയിരുത്തിയിട്ടുള്ളത്. വിവിധ മേഖലകളിൽ സ്റ്റാറ്റസ് റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുള്ളതായി രേഖകൾ ഇല്ല. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതികളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടപ്പാക്കിയതായി രേഖകളില്ല. നിർദ്ദേശിക്കപ്പെട്ട വിവിധ ചുമതലകൾ നിറവേറ്റിയിട്ടുണ്ടെന്ന് ഉറപ്പാക്കുന്ന രേഖകൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. മോണിറ്ററിംഗ് കൃത്യമായി നടത്താത്തതിനാൽ പല പദ്ധതികളിലും അപാകതകൾക്ക് കാരണമായിട്ടുണ്ട്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം

- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

പദ്ധതിയുടെ വിഭവ സ്രോതസ്സുകൾ കണ്ടെത്തുക, അടങ്കൽ യുക്തിസഹമായി നിശ്ചയിക്കുക, പദ്ധതികണക്കുകൾ കൃത്യമായി തയ്യാറാക്കുക, പ്രൊജക്റ്റുകൾ ശുപാർശ ചെയ്യുക, പദ്ധതികളുടെ കൃത്യതയും നിയമസാധുതയും ഉറപ്പാക്കുക എന്നീ പ്രവർത്തനങ്ങൾ ഒരു പരിധിവരെ പാലിക്കുവാൻ ശ്രദ്ധിച്ചിട്ടുണ്ട്. എന്നാൽ ഈ കമ്മിറ്റിയുടെ കീഴിൽ വരുന്ന സദ്ഭരണം വർക്കിംഗ് ഗ്രൂപ്പ് തദ്ദേശസ്ഥാപനത്തിന്റേയും ഘടകസ്ഥാപനങ്ങളുടേയും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തിയും സ്ഥാപനത്തിന് ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല എന്നു കാണുന്നു.

- വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

വർക്കിംഗ് ഗ്രൂപ്പുകളുടെ രൂപീകരണം മുതൽ പദ്ധതി അംഗീകാരം വരെയുള്ള ഫലപ്രദമാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തുക, യോഗങ്ങൾ വിളിച്ചു ചേർക്കുക, വർക്കിംഗ് ഗ്രൂപ്പുകൾക്കും മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുക, വികസന കാഴ്ചപ്പാട് സംബന്ധിച്ച രേഖ തയ്യാറാക്കുക, പദ്ധതി തയ്യാറാക്കുക, ന്യൂനതകൾ പരിഹരിക്കുക മുതലായ ചുമതലകൾ ഭാഗികമായി മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. വർക്കിംഗ് ഗ്രൂപ്പുകളും നിർവ്വഹണോദ്യോഗസ്ഥരുമായി പദ്ധതി നിർവ്വഹണം സംബന്ധിച്ച് ചർച്ചകൾ നടത്തുകയോ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയതായോ ചെയ്തുകാണുന്നില്ല. പദ്ധതികൾ മുടങ്ങിപ്പോകാത്തവിധം ആവശ്യമായ ഭൗതിക സാഹചര്യം, ഫണ്ട് എന്നിവ ലഭ്യമാക്കുന്നതിന് യഥാസമയം നടപടികൾ സ്വീകരിച്ചിട്ടില്ല.

- ക്ഷേമകാര്യം, ആരോഗ്യംവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികൾ

വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക, വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ആവശ്യാനുസരണം വിളിച്ചു ചേർക്കുന്നുണ്ടെന്ന് ഉറപ്പാക്കുക, വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി പ്രവർത്തിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുക, വിഷയവുമായി ബന്ധപ്പെട്ട പ്രൊജക്റ്റുകൾ വർക്കിംഗ് ഗ്രൂപ്പുകളുമായി ചർച്ച ചെയ്ത് പൂർണ്ണവും കുറ്റമറ്റതുമാക്കുക, ഭരണസമിതിക്ക് ശുപാർശ ചെയ്യുക മുതലായ ചുമതലകൾ ഭാഗികമായി മാത്രമാണ് നിറവേറ്റിയിട്ടുള്ളത്.

തൻ വർഷത്തെ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും വിലയിരുത്തലിലും മേൽ സൂചിപ്പിച്ച കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ കുറേക്കൂടി ഫലപ്രദമാക്കേണ്ടതാണെന്ന് വിലയിരുത്തുന്നു. വിവിധ തലങ്ങളിലുണ്ടാകുന്ന പാളിച്ചകൾ പദ്ധതി പ്രവർത്തനങ്ങളിലെ വീഴ്ചക്ക് കാരണമാകുമെന്നതിനാൽ ഗ്രാമപഞ്ചായത്ത് ഈ വിഷയം ഗൗരവപൂർവ്വം വീക്ഷിക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1427 | 752798 | 754225 | 751324 | 2901 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13709673 | 13709673 | 13709673 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 38400 | 64 |
| കർഷകതൊഴിലാളി പെൻഷൻ | 3809500 | 327 |
| വിധവാപെൻഷൻ | 7459200 | 638 |
| വാർദ്ധക്യകാലപെൻഷൻ | 16809400 | 1299 |
| വികലാംഗപെൻഷൻ | 2018200 | 167 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 1262000 | 106 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2018 ഉച്ചയ്ക്ക് ശേഷം 2 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4917.00രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന പോരായ്മകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു.ആയവ പരിഹരിക്കേണ്ടതാണ്.

- ബജറ്റ് നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കുന്നതിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്. തൻവർഷം പഞ്ചായത്തിന്റെ റവന്യൂ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യക്ഷമമായ ചർച്ചകൾ ഉണ്ടാവുകയോ ബജറ്റിൽ പുതിയ വരുമാന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല.

- ഫ്രണ്ട് ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. തൻവർഷം ഈ ആവശ്യത്തിനായുള്ള പ്രൊജക്റ്റിന് തുക വകയിരുത്തിയിട്ടില്ല.

- പൗരാവകാശ രേഖ നിയമാനുസൃതം പുതുക്കേണ്ടതാണ്.

- കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ സംരക്ഷണത്തിന് പ്രാധാന്യം നൽകുന്നതിനായി മെയ്ന്റനൻസ് പദ്ധതി ആവിഷ്കരിച്ചിട്ടില്ല. റോഡ്- റോഡിതര ആസ്തികളുടെ സംരക്ഷണത്തിനായി പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന പതിമൂന്നാം പദ്ധതിയുടെ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

- സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് എന്നിവ തയ്യാറാക്കുന്നതായി കാണുന്നില്ല.
- ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ അടുത്ത മാസം 10-ാം തീയതിക്കകം ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിക്കണമെന്നത് മിക്ക മാസങ്ങളിലും പാലിച്ച് കാണുന്നില്ല.

രേഖകളുടെ സൂക്ഷിപ്പ്

- സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമല്ല. വാങ്ങിയ സാധനസാമഗ്രികളുടെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല.

- സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത വർഷാന്ത്യ നീക്കിയിരിപ്പ് ഭൗതിക പരിശോധന നടത്തി സോക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല.
- മുന്നിരിപ്പുകൾ ഉൾപ്പെടെ ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കുന്നതിനുള്ള സംവിധാനമില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.11.2018 | 10/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.08.2013 | 2008-09 മുതൽ 2012-13 വരെ | 21.07.2014 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഒന്നുമില്ല

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 അസിസ്റ്റന്റ് എഞ്ചിനിയറുടെ ബാങ്ക് അക്കൗണ്ടിലുള്ള ടെണ്ടർ ഫോറങ്ങളുടെ വില തനത് ഫണ്ടിലേക്ക് കൈമാറേണ്ടതാണ്

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള, ഇ-ടെണ്ടർ നടത്തുന്നതിന്റെ ആവശ്യത്തിലേക്കായി 07.02.17 ന് തുറന്നിട്ടുള്ള ബാങ്ക് അക്കൗണ്ടിൽ (എസ്. ബി. ഐ അക്കൗണ്ട് നം. 36523559945,കേരളശ്ശേരി) 10.08.2018 ന് 234428/- /-രൂപ അവശേഷിക്കുന്നുണ്ട്. ഈ തുകയിൽ 188762/- രൂപ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ഉണ്ടായിരുന്ന 2015-16 മുതൽ കാലയളവിലെ ഇ-ടെണ്ടർ ഫോറങ്ങളുടെ വാറ്റുൾപ്പെടെയുള്ള വില 11.06.2018ന് അസി.എഞ്ചിനിയറുടെ ഈ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് കിട്ടിയിട്ടുള്ളതാണ്. ഈ തുകയും ടെണ്ടർ ഫോറങ്ങളുടെ വിലയായി നാളിതുവരെ ഈടാക്കിയ മറ്റ് തുകകളും ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 വസ്തു നികുതി നിർണ്ണയം - ഇളവ്, വർദ്ധനവ് നല്കിയതിൽ അപാകത -നികുതിയിനത്തിൽ കുറവ്

പുതിയ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന്റെ കൃത്യത വിലയിരുത്തുന്നതിനായി 2017-18 ൽ നികുതി അസെസ്സ്മെന്റ് നടത്തിയ കെട്ടിടങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിലും, ഫോം 6ലെ വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിച്ചും പരിശോധിച്ചു.ഓരോ നമ്പരിലുമുള്ള കെട്ടിടത്തിന് നല്കിയിട്ടുള്ള ഇളവുകളും ,വർദ്ധനവുകളും അർഹമായതു തന്നെയാണോ എന്നും പരിശോധിച്ചു.

1.കെട്ടിട നമ്പർ - 13/349 , താമസാവശ്യത്തിനുള്ള കെട്ടിടം

സെയ്താവാൻ,ചല്ലിയിൽ, തടുക്കശ്ശേരി എന്നയാളുടെ ഉടമസ്ഥതയിലുള്ള താമസാവശ്യത്തിനുള്ളവ 254.33 m2 കെട്ടിടത്തിന്റെ വസ്തു നികുതി നിർണയിച്ചതിൽ പിഴവ് വന്നിട്ടുണ്ട് . അസെസ്സ്മെന്റ് ഫയൽ, ഫോം 6 അനുസരിച്ച് രണ്ട് നിലകൾ ഉള്ള ഈ RCC കെട്ടിടത്തിന് മേൽത്തരം വസ്തുക്കൾ ഉപയോഗിച്ചുള്ള തറനിർമിതിയുള്ളതായി കാണിച്ചിട്ടുണ്ട്. കെട്ടിടം 250 ച.മീ.ലധികം വിസ്തീർണമുള്ളതിനാൽ ഇത് പരിഗണിച്ച് അടിസ്ഥാന വസ്തു നികുതിയിൽ 15 ശതമാനം വർദ്ധനവ് വരുത്തിയിട്ടില്ലാത്തതിനാൽ വസ്തു നികുതിയിൽ കുറവ് വന്നിട്ടുണ്ട് .വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

a)ഈടാക്കിയ വസ്തു നികുതി

അടിസ്ഥാന വസ്തു നികുതി നിരക്ക് - 7/m2= 7x254.33=1780.31=1781

ഇളവ് - 10% -ദ്വീതീയ മേഖല -178.

വർദ്ധനവ് - എയർകണ്ടീഷനിങ്ങ് - 10%**

ലൈബ്രറി സെസ്സ് - 1781x 5% =90

ആകെ ഈടാക്കിയ നികുതി- ( 1781- 178)+178+ 90= 1871

**-തെറ്റായ ഇനത്തിന് വർദ്ധനവ് നല്കിയത്

b)ഈടാക്കേണ്ട വസ്തു നികുതി

അടിസ്ഥാന വസ്തു നികുതി നിരക്ക് - 7/m2= 7x254.33=1780.31=1781

ഇളവ് - 10% -ദ്വീതീയ മേഖല - 178.

വർദ്ധനവ് - 15%-മേൽത്തരം തറ- ഗ്രാനൈറ്റ് - 267

ഇളവ്, വർദ്ധനവിനു ശേഷമുള്ള വാർഷിക വസ്തു നികുതി - (1781- 178)+267=1870

ലൈബ്രറി സെസ്സ് - 1870x 5% =94

ആകെ ഈടാക്കേണ്ട വാർഷിക വസ്തു നികുതി- 1870+94= 1964

വസ്തു നികുതിയിനത്തിലെ കുറവ് = 1964-1871= 93 രൂപ
2.കെട്ടിട നമ്പർ - 5/410 , പെട്രോൾ പമ്പ്

ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന്റെ ഉടമസ്ഥതയിലുള്ള പെട്രോൾ പമ്പിന് വസ്തു നികുതി കണക്കാക്കിയതിന്റെ ഫോം 6 പരിശോധിച്ചു .ഇതിൽ 1)176 m2canopy(ഷീറ്റ്) + 2)34.18m2 Office(RCC) = 210.18 m2 ആണ് വസ്തു നികുതി കണക്കാക്കുന്നതിനുള്ള വിസ്തീർണ്ണം

സ്ഥാപനത്തിന്റെ ഷീറ്റ് മേൽക്കൂരയുള്ള പമ്പും , RCC കെട്ടിടമായ ഓഫീസും ചേർത്താണ് നികുതി കണക്കാക്കിയിരിക്കുന്നത് . കെട്ടിടത്തിന്റെ 80 ശതമാനത്തിന് ഷീറ്റ് മേൽക്കൂരയുടെ 10 ശതമാനം ഇളവ് നല്കിയിട്ടുണ്ട്, ബാക്കി 20 ശതമാനത്തിന് ഇളവ് അനുവദിച്ചിട്ടില്ല. രണ്ട് കെട്ടിടങ്ങൾക്കുമായി വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 20% വർദ്ധനവും നല്കിയിട്ടുണ്ട് . ഫ്യുവൽ സ്റ്റേഷന് 50/ m2 ആണ് അടിസ്ഥാന വസ്തു നികുതി നിരക്ക്. ഇതനുസരിച്ച് വസ്തു നികുതി കണക്കാക്കിയതിന്റെ വിവരങ്ങൾ

a)പഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയർ അനുസരിച്ചുള്ള വസ്തു നികുതി താഴെ ചേർക്കുന്നു

ഇളവുകൾ- 10%-1050.9

വർദ്ധനവ് - 20%- 2101.8

വാർഷിക വസ്തു നികുതി -11560 , ലൈബ്രറി സെസ്സ്-578 ,

ആകെ - 12138 രൂപ

b)മേൽക്കൂരയുടെ തരം , ശതമാനത്തിനു പകരം യഥാർത്ഥ വിസ്തീർണ്ണം ഉപയോഗിച്ച് വസ്തു നികുതി കണക്കാക്കുമ്പോൾ സോഫ്റ്റ് വെയറിൽ കണക്കാക്കിയതിൽ നിന്നും വ്യത്യസ്ഥമായ തുകയാണ് ലഭിക്കുന്നത്

1) 176 m2canopy

അടിസ്ഥാന വസ്തു നികുതി

(176* 50)-880+ 1760=9680

(ഇളവ് (ഷീറ്റ് മേൽക്കൂര)- 10%* , വർദ്ധനവ്( റോഡ്) - 20%)

2) 34.18m2 Office

അടിസ്ഥാന വസ്തു നികുതി :

(34.18 *50)-0 +342= 2051 (ഇളവ് ഇല്ല, വർദ്ധനവ് - 20%)

ആകെ അടിസ്ഥാന വസ്തു നികുതി - 9680+2051=11731

ലൈബ്രറി സെസ്സ് -5%- 587

ആകെ വാർഷിക വസ്തു നികുതി - 11731+587= 12318

വസ്തുനികുതി കണക്കാക്കിയതിൽ 180 രൂപ വ്യത്യാസം വരുന്നുണ്ട്. നികുതി അസെസ്സ്മെന്റിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

അടിസ്ഥാന വസ്തു നികുതിയിന്മേലുള്ള വർദ്ധനവ് , ഇളവ് നല്കിയതിലെ പിഴവുകൾ ക്രമീകരിച്ച് നികുതി പുനർനിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. വസ്തു നികുതി ഡിമാന്റിലും ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

# 2-3 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

I.തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന വ്യക്തികളിൽ നിന്നും 17-18 ൽ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നമ്പർ | വ്യക്തി/സ്ഥാപനത്തിന്റെ പേര് | തൊഴിൽ നികുതി ഈടാക്കാത്ത കാലയളവ് | റിമാർക്ക്സ് |
|---|---|---|---|
| 1 | രാമൻകുട്ടി, അസോസ്സിയേറ്റ് ,<br>എസ്.ബി.ഐ. കേരളശ്ശേരി | 17-18 രണ്ട് അർധവർഷങ്ങളിലും | വിമുക്ത ഭടൻ എന്നതിനാൽ ഒഴിവാക്കി |
| 2 | ഗോപാലൻ . പി.വി., ഗാർഡ്<br>എസ്.ബി.ഐ. കേരളശ്ശേരി | 17-18 രണ്ട് അർധവർഷങ്ങളിലും | വിമുക്ത ഭടൻ എന്നതിനാൽ ഒഴിവാക്കി |
| 3 | വിജയലക്ഷ്മി, എച്ച്. എം, അമൃത ഇംഗ്ളീഷ് മീഡിയം സ്കൂൾ | 17-18 ആദ്യ അർധ വർഷം | 17-18 രണ്ടാം അർധ വർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് |
| 4 | ശിവരാമൻ | 17-18 ആദ്യ അർധ വർഷം | 17-18 രണ്ടാം അർധ വർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് |
| 5 | സത്യൻ .കെ.പി. | 17-18 ആദ്യ അർധ വർഷം | 17-18 രണ്ടാം അർധ വർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് |

| | | | |
|---|---|---|---|
| 6 | മൗലാന അബ്ദുൾ കലാം ആസാദ് | 17-18 ആദ്യ അർധ വർഷം | 17-18 രണ്ടാം അർധ വർഷം തൊഴിൽ നികുതി ഒടുക്കിയിട്ടുണ്ട് |

ക്രമ നമ്പർ 1 മുതൽ 6 വരെയുള്ള വ്യക്തികളിൽ നിന്നും

II. 17-18 വർഷത്തിൽ പഞ്ചായത്തിന്റെ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്തു കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

III.സ്ഥാപനങ്ങളിലെ ജോലിക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

a)2017-18 വർഷത്തെ ഡി & ഓ ലൈസൻസ് രജിസ്റ്റർ, അപേക്ഷകളും അനുബന്ധ രേഖകളും തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേൺസ് എന്നിവയുമായി താരതമ്യം ചെയ്തുള്ള പരിശോധനയിലൂടെ കണ്ടെത്തിയ കാര്യങ്ങൾ താഴെ ചേർക്കുന്നു.

1. ഒന്നിലധികം ജോലിക്കാരുള്ള സ്ഥാപനങ്ങളുടെ കാര്യത്തിൽ സ്ഥാപനഉടമകളിൽ നിന്നും മാത്രമാണ് തൊഴിൽ നികുതി ഈടാക്കിയിട്ടുള്ളത്. ചില ഉദാഹരണങ്ങൾ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു കൂടി തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര്,കെട്ടിട നമ്പർ | സ്ഥാപന ഉടമ | ജോലിക്കാരുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | കൈരളി സിമന്റ് പ്രോഡക്ട്സ് , 12/271 | എം. എ. വാവുട്ടി | നാല് | സ്ഥാപന ഉടമ |
| 2 | എ. എം . സ്റ്റാർ എന്റർപ്രൈസസ് 7/507 | മൗലാന അബ്ദുൾ കലാം ആസാദ് | അഞ്ച് | സ്ഥാപന ഉടമയിൽ നിന്നു മാത്രം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് |
| 3 | ബിസ്മി ഗാർമെന്റ്സ് 11/431 | നദീറാ .സി.കെ | അഞ്ച് | സ്ഥാപന ഉടമയിൽ നിന്നു മാത്രം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് |
| 4 | വള്ളുവനാട് ആയുർവേദ ഔഷധശാല, 4/139 | ഡോ.പി. ജയദാസൻ | നാല് | സ്ഥാപന ഉടമയിൽ നിന്നു മാത്രം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് |
| 5 | ചീരക്കുഴി ഫ്യുവൽസ് 5/510 | തോമസ് . കെ.കെ | അഞ്ച് | |
| 6 | ന്യൂലൈഫ് എഞ്ചിനിയറിങ്ങ് വർക്ക്സ് , | ഇബ്രാഹിം അലി. എം . എസ് | മൂന്ന് | സ്ഥാപന ഉടമയിൽ നിന്നു മാത്രം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| | 10/539 | | | |
| 7 | ലക്ഷ്മി ഫർണീച്ചർ ഷോപ്പ് 7/333,334 | മനോജ്കുമാർ .പി.സി | മൂന്ന് | സ്ഥാപന ഉടമയിൽ നിന്നു മാത്രം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട് |

സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു കൂടി തൊഴിൽ നികുതി ഈടാക്കേണ്ടതാണ് (എൻക്വയറി നമ്പർ-21/30.11.18) .

തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് എൻക്വയറി നല്കിയതിനു മറപടിയായി മേൽസൂചിപ്പിച്ച വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. (എൻക്വയറി നമ്പർ-21/30.11.18) .

## 2-4 ഡി & ഓ ലൈസൻസ്-മറ്റ് വകുപ്പുകളിൽ നിന്നുള്ള അനുമതി പത്രങ്ങൾ പുതുക്കുന്നുണ്ടോയെന്നത് പരിശോധിക്കേണ്ടതാണ്.

2017-18 വർഷത്തെ ഡി & ഓ ലൈസൻസ് രജിസ്റ്റർ, അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിച്ചതിലൂടെ കണ്ടെത്തിയ കാര്യങ്ങൾ താഴെ ചേർക്കുന്നു.

31.10.2017 .തിയതിയിലെ ജി.ഒ(പി)നം.80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 674/2017) പ്രകാരം പുറപ്പെട്ടുവിച്ച വിജ്ഞാപനം അനുസരിച്ച് അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ എന്നത് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. പുതുക്കിയ ചട്ടത്തിലെ റൂൾ 5A, റൂൾ 6 അനുസരിച്ച് മറ്റ് വകുപ്പുകളിൽ നിന്നും ആവശ്യമായ ക്ലിയറൻസ് ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ ലൈസൻസ് അനുവദിക്കാവുന്നതാണ് എന്ന് നിർദേശമുണ്ട്.

2017- 18 വർഷത്തെ ഡി & ഓ ലൈസൻസ് അപേക്ഷകളും , അനുബന്ധ രേഖകളും പരിശോധിച്ചതിൽ നിന്നും ലൈസൻസ് നല്കുന്നതിന് പരിഗണിച്ച അനുമതി പത്രങ്ങൾ പലതും സാമ്പത്തിക വർഷാവസാനമാവുന്നതിനു മുൻപ് തന്നെ കാലാവധി തീരുന്നവയാണ് എന്നത് വ്യക്തമായി . മറ്റ് ഗവൺമെന്റ് വകുപ്പുകൾ/ സ്ഥാപനങ്ങളിൽ നിന്നും അനുവദിച്ചിട്ടുള്ള ഈ സർട്ടിഫിക്കറ്റുകൾ ചില സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതിയ്ക്കുള്ള ആധികാരികമായ രേഖകളാണ്. ലൈസൻനസ് നല്കുന്നതിന് ഇവ പരിഗണിക്കുന്നവയുമാണ്. സാക്ഷ്യപത്രങ്ങളുടെ കാലാവധി 2017-18 ൽ പൂർണമായി ഇല്ലാത്തവയുടെ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് , ഉടമ | അപേക്ഷ നമ്പർ,തിയതി | സർട്ടിഫിക്കറ്റ് നമ്പർ നല്കിയ സ്ഥാപനം, സ് | സർട്ടിഫിക്കറ്റിന്റെ കാലാവധി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ശ്രീ.പി.വാസുദേവൻ<br>പുലരി പോൾട്രി ഫാം | A7/743 /17,27.2.17 | മലിനീകരണ നിയന്ത്രണ ബോർഡ്<br>PCB/PLKD /IC/CO/F/1543 /2011, 6.9.11 | 31.8.2017 വരെ |
| 2 | ശ്രീ.പി.കെ . വാസുദേവൻ ,<br>ചെടികൾക്കുള്ള വളങ്ങളും മറ്റ് രാസവസ്തുക്കളും വിൽക്കുന്ന കട | ക്രമ നമ്പർ 50, 28.2.17 | പ്രിൻസിപ്പൾ അഗ്രികൾച്ചർ ഓഫീസ്,<br>74/2013, 30.6.15 | 1.1.15-31.12.2016 വരെ |
| 3 | ശ്രീ. ലതീഷ്കുമാർ. കെ<br>മൈത്രി മെഡിക്കൽസ് | A7/1485/17, 10.4.17 | ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റ് ,<br>KL-PKD-9/077, 25.9.12 | 26.6.2017 വരെ |
| 4 | ശ്രീ. ജോയി<br>ജെറിൻ പോൾട്രി ഫാം , | A7/963/17, 10.3.17 | മലിനീകരണ നിയന്ത്രണ ബോർഡ് | സർട്ടിഫിക്കറ്റ് ഇല്ല |
| 5 | ശ്രീമതി .ആലീസ് ജോയി,<br>ആലീസ് പോൾട്രി ഫാം | A7/962/17, 10.3.17 | മലിനീകരണ നിയന്ത്രണ ബോർഡ് | സർട്ടിഫിക്കറ്റ് ഇല്ല |

അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടുള്ള രേഖകളിൽ സാമ്പത്തിക വർഷാവസാനത്തിനു മുൻപേ കാലാവധി തീരുന്നവയുടെ കാര്യത്തിൽ , അപേക്ഷകർ ആവശ്യമായ തുടർ നടപടികളെടുത്ത് അതാത് മേഖലയിലെ അധികാരികളിൽ നിന്നുള്ള അനുമതി വാങ്ങിയിട്ടുണ്ട് /പുതുക്കിയിട്ടുണ്ട് എന്നത് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

## 2-5 വസ്തു നികുതിയിന്മേലുള്ള ഉപനികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ

പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഉപനികുതി ഈടാക്കുന്നത് സംബന്ധിച്ച നല്കിയ എൻക്വയറിയ്ക്ക് മറുപടിയായി സേവന ഉപനികുതികൾ സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതിയുമായി ചർച്ച് ചെയ്ത് തീരുമാനിച്ച് നടപ്പിലാക്കുന്നതാണ് എന്നറിയിച്ചു.

## 2-6 പ്ളാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ്- നിർദേശങ്ങൾ പാലിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്ളാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ന് 24.9.16 ലെ സർക്കുലറിലൂടെ താഴെ ചേർത്തിട്ടുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട് .

1 .വിൽപന സാധനങ്ങൾ 50 മൈക്രോണിൽ കുറയാത്ത ക്യാരി ബാഗുകൾ മാത്രമേ വിതരണം ചെയ്യാൻ പാടുള്ളൂ.

2. വിൽപന സാധനങ്ങൾ പ്ളാസ്റ്റിക് ക്യാരി ബാഗിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം .

3.ഒരു മാസം കുറഞ്ഞത് 4000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000 രൂപ പ്ളാസ്റ്റിക്ക് മാലിന്യ പരിപാലന ഫീയായി മേൽപ്രകാരം ഈടാക്കി രജിസ്റ്റർ ചെയ്യുന്നതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വിജ്ഞാപനം , ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

4. പ്ളാസ്റ്റിക് മാലിന്യത്തിന്റെ തോത് അനുസരിച്ച് കൂടുതൽ മാലിന്യ പരിപാലന ഫീസ് വ്യാപാരികളിൽ നിന്നും ഈടാക്കാവുന്നതാണ്.

5. പ്ളാസ്റ്റിക് ക്യാരി ബാഗുകൾക്ക് ഫീസ് ഈടാക്കുന്നതാണ് എന്നത് വളരെ വ്യക്തമായി രീതിയിൽ കച്ചവട സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കേണ്ടതാണ്.

6 .പ്ലാസ്റ്ററിക് മാലിന്യ പരിപാലന ഫീയായി ഈടാക്കുന്ന തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള സുസ്ഥിര മാലിന്യ പരിപാലന സംവിധാനങ്ങൾക്കായി ഉപയോഗപ്പെടുത്താവുന്നതാണ്

കേരളശ്ശേരി ഗ്രാമ പഞ്ചായത്തിൽ പ്ളാസ്റ്റിക്ക് ഉപയോഗം കുറയ്ക്കുന്നതിനായും , മാലിന്യ പരിപാലനം, സംസ്കരണം കാര്യക്ഷമമാക്കുന്നതിനും സർക്കുലറിലെ ഏതെങ്കിലും നിർദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നതിന് മറുപടിയായിഹെൽത്ത് ഇൻസ്പെക്ടർമാർ കടകൾ പരിശോധിച്ച് നടപടി സ്വീകരിക്കുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട് അറിയിച്ചു. കൂടാതെ പഞ്ചായത്തിൽ എം.സി.എഫിൽ ഉൾപ്പെടുത്തി മാലിന്യ സംസ്കരണം നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ട് എന്ന് അറിയിച്ചു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സദ്ഭരണം - പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ജി.ഒ.(എം.എസ്)72/2017 ത.സ്വ.ഭ.വ.തിയതി, 29.3.2017 പ്രകാരം സദ്ദേശ ഭരണ സ്ഥാപനം സുതാര്യത, ജനപങ്കാളിത്തം തുടങ്ങിയ സദ്ഭരണ തത്വങ്ങൾ ഉൾകൊണ്ട് കൊണ്ട് പൗരാവകാശ രേഖ, സേവനാവകാശ നിയമം, അറിയാനുള്ള അവകാശം എന്നിവ പരിഗണിച്ച് കൊണ്ട് ഒരു സദ്ഭരണ പദ്ധതി തയ്യാറാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. രേഖകളുടെ സൂക്ഷിപ്പ്, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, ഇ ഗവേണൻസ് എന്നിവ ഇതിന്റെ ഭാഗമാക്കണം. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. തൻവർഷം ഈ ആവശ്യത്തിനായുള്ള പ്രൊജക്റ്റിന് തുക വകയിരുത്തുകയോ തുടർനടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. പൗരാവകാശ രേഖ നിയമാനുസൃതം പുതുക്കേണ്ടതുമാണ്.

ഓഡിറ്റ് നിർദ്ദേശം

ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ,സേവനങ്ങൾ എന്നിവ ധനകാര്യ സ്റ്റാൻഡിംങ്ങ് കമ്മിറ്റി മോണിറ്റർ ചെയ്യേണ്ടതാണ്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുവാനും ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിക്കത്തക്ക വിധം ആസ്തി സംരക്ഷണ പദ്ധതി വിഭാവനം ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംങ്ങ് കമ്മിറ്റി, വികസനകാര്യ സ്റ്റാൻഡിംങ്ങ് കമ്മിറ്റി എന്നിവർ ശ്രദ്ധിക്കേണ്ടതാണ്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിലേക്ക് സ.ഉ (എം.എസ്) നം. 18/15/ത.സ്വ.ഭ.വ തിയ്യതി 29.1.2015 പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

## 3-2 'സമഗ്ര നെൽകൃഷി വികസനം"- പദ്ധതി നടത്തിപ്പിലെ അപാകതകൾ

1) സബ്സിഡി തുക മുഴുവൻ നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകിയില്ല

2017-18 സാമ്പത്തിക വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ 'സമഗ്ര നെൽകൃഷി വികസനം" എന്ന പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 11/18 | സമഗ്ര നെൽകൃഷി വികസനം | 4467000 (2251500+822500+ 1175000+218000) | 1687500-Plan fund-General, 822500-BP Share, 1175000-DP Share, 218000 Beneficiary Contribution (Total-3903000) |

പദ്ധതി നടപ്പിലാക്കിയതിൽ സബ്സിഡി മുഴുവാനായും കർഷകർക്ക് നേരിട്ട് നൽകാതെ ഭാഗികമായി തുക നേരിട്ട് നൽകിയും, ബാക്കി തുക സർവ്വീസ് സഹകരണ ബാങ്കിന് നൽകിയിതിനു ശേഷം ബന്ധപ്പെട്ട സഹകരണ ബാങ്ക് (ടി ബാങ്കിൽ അക്കൗണ്ടുള്ള)

ഗുണഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസഫർ ക്രെഡിറ്റ് ചെയ്യുകയുമാണ് ചെയ്തിരിക്കുന്നത്. സബ്സിഡി മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തുക ട്രഷറിയിൽ നിന്നു ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നേരിട്ട് നൽകുകയാണ് ചെയ്യേണ്ടത്. തുകകൾ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിഭാഗം | ചെലവഴിച്ചത് | | ബിൽ നം./ ചെക്ക് നം. & തീയതി | ആകെ തുക |
|---|---|---|---|---|
| | നേരിട്ട് | ട്രഷറിയിൽ നിന്നും തട്ടക്കശ്ശേരി സഹകരണ ബാങ്കിന്റെ അക്കൗണ്ടിലേക്ക് മാറ്റി പിന്നീട് കർഷകർക്ക് നൽകിയത് | | |
| പ്ലാൻ ഫണ്ട് (ജനറൽ) | 1284782 | 148718 | 4/21-03-2018 | 1433500 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം+ജില്ലാ പഞ്ചായത്ത് വിഹിതം | 1796220 | 201280 | 2110251/ 13-03-2018 | 1997500 (822500+ 1175000) |

2.വകയിരുത്തിയ സബ്സിഡി തുക മുഴുവനായും ചെലവഴിച്ചില്ല

മേൽ പറഞ്ഞ പ്രോജക്റ്റിന് ഗ്രാമ പഞ്ചായത്ത് വിഹിതം വകയിരുത്തിയത് 2251500/- രൂപയാണ്. ആയതിൽ നെൽകൃഷി കൂലിചെലവിന് ചെലവഴിച്ചത് 1433500/- (നെൽവിത്ത് വാങ്ങിയതിന് ചെലവഴിച്ചത് 254000/-രൂപയുൾപ്പെടെ ആകെ ചെലവഴിച്ചത് 1687500/- രൂപയാണ്.) ഗ്രാമ പഞ്ചായത്തിന് 8500/- രൂപ (ഒരു ഹെക്ടറിന് സബ്സിഡി തുക 17000/- രൂപയുടെ 50%) ചെലവഴിക്കാമെന്നിരിക്കെ ഗ്രാമ പഞ്ചായത്ത് വിഹിതം നൽകിയത് 6100/- രൂപ മാത്രമാണ്. കർഷകർക്ക് അർഹതയുള്ളതിൽ ഹെക്ടറിന് 2400/- രൂപ കുറവായി നൽകി.

മേൽ പറഞ്ഞവ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം.22/30-11-2018) സർവ്വീസ് സഹകരണ ബാങ്കിൽ മാത്രം അക്കൗണ്ടുള്ള കർഷകരെ ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് എടുപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നതായും, ഭരണ സമിതി തീരുമാന പ്രകാരമാണ് ഗ്രാമ പഞ്ചായത്ത് വിഹിതം ഹെക്ടറിന് ₹6100/- രൂപ നൽകിയത് എന്നും അറിയിച്ചിട്ടുണ്ട്.

ഭാവിയിൽ സർക്കാർ അനുവദിച്ച പരമാവധി സബ്സിഡി കർഷകർക്ക് വിതരണം ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ സബ്സിഡി മാർഗരേഖ, പദ്ധതി മാർഗരേഖ എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നിർവഹണം നടത്തേണ്ടതാണ്.

## 3-3 'പെണ്ണാട് വിതരണം എസ്.സി'- സബ്സിഡി കൈമാറിയതിന് സുതാര്യതയില്ല

| പ്രോജക്റ്റ് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 92/18, പെണ്ണാട് വിതരണം എസ്.സി | വെറ്ററിനറി സർജ്ജൻ | 1472000/- {1100000 പ്ലാൻ ഫണ്ട് -ജനറൽ, 4000-തനത് ഫണ്ട്, 368000ഗുമഭോക്തൃ വിഹിതം } | 976000 (132000 ബിൽ നം.6/30.08.2017, 516000 ബിൽ നം.5/06.01.2018, 84000 ബിൽ നം.7/26.03.2018 ) |

മേൽ പ്രോജക്റ്റ് പ്രകാരം 92 ഗുണഭോക്താക്കൾക്ക് പെണ്ണാടുകളെ വാങ്ങിക്കുന്നതിന് സബ്സിഡി നൽകുന്നതിന് ഉദ്ദേശിച്ച പദ്ധതിയിൽ 61 ഗുണഭോക്താക്കൾക്ക് മാത്രമാണ് സബ്സിഡി വിതരണം ചെയ്യാൻ കഴിഞ്ഞത്. പദ്ധതി പൂർണ്ണമായും ലക്ഷ്യം കൈവരിച്ചില്ല. ആടുകൾ വിതരണം ചെയ്തതിൽ ഒരേ കുടുംബത്തിലെ അംഗത്തിൽനിന്ന് ആടുകളെ വാങ്ങിയതായി കാണിച്ച് തുക അനുവദിച്ചു. 3 ഗുണഭോക്താക്കൾക്ക് തുക കൈമാറിയത് (ട്രാൻസഫർ ക്രെഡിറ്റ്) കുടുംബത്തിലുള്ള വ്യക്തികൾക്ക് തന്നെയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേരും വിലാസവും | ആട് വിറ്റ ആളുടെ പേര് | വിറ്റ ആൾക്ക് ഗുണഭോക്താവുമായുള്ള ബന്ധം | അനുവദിച്ച സബ്സിഡി (₹) | ബാങ്ക് അക്കൗണ്ട് നം. | റേഷൻ കാർഡ് നം. |
|---|---|---|---|---|---|
| വിജയലക്ഷ്മി. സി.കെ, ചെറുക്കോട്ട് പള്ളിയാൽ, തട്ടുക്കശ്ശേരി | ദീപ.സി.യു | മകൾ | 12000 | 2024812 3760 | 1946042740 |
| വേശു | ശോഭന.കെ.എ | മകൾ | 12000 | 43180001 00056473 | 1946043966 |
| തത്ത, ഓടക്കുന്ന് വീട്, കേരളശ്ശേരി | പ്രസന്നകുമാരി | മകൾ | 12000 | 3219467 3680 | 1946107168 |
| ആകെ | | | 36000 | | |

റേഷൻകാർഡ് പ്രകാരം ഒരേ കുടുംബത്തിൽ താമസിക്കുന്നവർ തമ്മിൽ ഇടപാടുകൾ നടത്തിയതിന് സബ്സിഡി നൽകിയതിൽ സുതാര്യതയില്ല.

പതിനൊന്നാം പദ്ധതി സബ്സിഡി മാർഗരേഖപ്രകാരം (നം. ജി.ഒ (എം.എസ്) 80/2017-തസ്വഭവ,3.4.2017) ഗുണഭോക്താക്കൾ ഉൾപ്പെടുന്ന 5 അംഗങ്ങളുള്ള പർച്ചേസ് കമ്മറ്റിയാണ് ആടുകളെ വാങ്ങേണ്ടതെന്നും പഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെ ഈ സമിതിക്ക് പർച്ചേസ് നടത്താമെന്നും വ്യക്തമാക്കിയിട്ടുണ്ട്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ, ഒരു വാർഡ് മെമ്പറും മാത്രമുള്ള അംഗങ്ങളായുള്ള പർച്ചേസ് കമ്മറ്റിയാണ് ആടുകളെ നേരിട്ട് വാങ്ങിയത്, ഗുണഭോക്താക്കൾ പർച്ചേസ് കമ്മിറ്റിയിൽ ഉൾപ്പെട്ടിട്ടില്ല, വെറ്ററിനറി സർജൻ പരിശോധിച്ച് ഇൻഷ്വർ ചെയ്ത് സബ്സിഡി തുക വിറ്റയാളുടെ അക്കൗണ്ടിലേക്ക് അനുവദിച്ചത്. ആടുകളെ വാങ്ങുന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന്റെ പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ചർച്ച ചെയ്യുകയോ അംഗീകാരം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

പദ്ധതി മാർഗരേഖ ജി.ഒ (എം.എസ്) 72/17-തസ്വഭവ,29.3.2017 ലെ ഖണ്ഡിക നം. 14.6 പ്രകാരം പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പ് (മൃഗസംരക്ഷണവും ക്ഷീരവികസനവും) മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണെന്നും, മോണിറ്ററിംഗ് കമ്മിറ്റികളുടെ യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിയിൽ ഗുണഭോക്താക്കൾ യഥാർത്ഥത്തിൽ പുതിയ ആടുകളെ വാങ്ങിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുകയോ മോണിട്ടറിംഗ് നടത്തുകയോ ചെയ്തിട്ടില്ല.

ആകയാൽ ഗുണഭോക്താക്കൾ യഥാർത്ഥത്തിൽ പുതിയ ആടുകളെ വാങ്ങിയിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിലേക്കായി വിശദമായി മോണിറ്ററിംഗ് നടത്തി നിജസ്ഥിതി ഓഡിറ്റിനെ അറിയിക്കുന്നതുവരെ ₹ 36000/- യുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. (ഓഡിറ്റ് അന്വേഷണം നം.19/30-11-2018)

## 3-4 ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി തുക കുറവായി വകയിരുത്തി

മൃഗസംരക്ഷണവും ക്ഷീര വികസനവും വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സിലെ (15-02-2017) തീരുമാനപ്രകാരം 2017-18സാമ്പത്തിക വർഷത്തിൽ ക്ഷീരകർഷകർക്ക് ഇൻസെന്റീവ് നൽകുന്നതിന് ₹400000/-(പ്ലാൻ ഫണ്ട് ജനറൽ) വകയിരുത്താൻ ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ 20.05.2017ലെ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഒന്നാം നമ്പർ തീരുമാനപ്രകാരം ₹100000/- വകയിരുത്തുന്നതിന് മാത്രമാണ് അംഗീകാരം നൽകിയിരിക്കുന്നത്.

പദ്ധതിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രൊജക്റ്റ് നം. | പ്രോജക്റ്റിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| 18/18 | ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | ₹500000/- (100000/-വികസന ഫണ്ട് (ജനറൽ)) 200000/- ജില്ലാ പഞ്ചായത്ത് വിഹിതം, ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 200000/- | ₹890000/- {100000/-(ബിൽ നം.1-2017-18/22-02-2018), 64455/- (ചെക്ക് നം. SB/JC:1375945/20.2.2018), 135545/- (ചെക്ക് നം. SB/JC:1375944/20.2.2018), 135545/- (ചെക്ക് നം. SB/JC:1375947/27.3.2018), 64455/- (ചെക്ക് നം. SB/JC:1375948/27.3.2018)} |

നിർവഹണ ഉദ്യോഗസ്ഥ – ഡയറി എക്സ്റ്റൻഷൻ ഓഫീസർ

13-ാം പദ്ധതി മാർഗ്ഗരേഖ ഉത്തരവ് സ.ഉ.(എം.എസ്) നം.80/2017 തസ്വഭവ, തീയതി. 03.04.2017പ്രകാരം ഒരു ലിറ്റർ പാലിന് ഡിപ്പാർട്ട്മെന്റ് സബ്സിഡി ഉൾപ്പെടെ പരമാവധി 4രൂപ നിരക്കിൽ ഒരു കർഷകന് നൽകാവുന്നതാണ്. എന്നാൽ ഈ പദ്ധതി പ്രകാരം അർഹമായതിലും വളരെ കുറവാണ് ആനുകൂല്യം (5 മാസത്തേക്ക് മാത്രം) നൽകിയിട്ടുള്ളത്. സെപ്റ്റംബർ 2017 മുതൽ മാർച്ച് 2018 വരെ പാലളവിന് കർഷകന് ആനുകൂല്യം ലഭിച്ചിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

ക്ഷീരസംഘത്തിന്റെ പേര്- 1.ക്ഷീരവ്യവസായ സഹകരണ സംഘം, കുണ്ടളശ്ശേരി

2.ക്ഷീരവ്യവസായ സഹകരണ സംഘം, കേരളശ്ശേരി

| മാസം | സംഘത്തിന് നൽകിയ പാൽ അളവ് | ഇൻസെന്റീവ് നിരക്ക് | തുക |
|---|---|---|---|
| 2017 ഏപ്രിൽ മുതൽ ഓഗസ്റ്റ് വരെ | 166666 | 3 | 500000 |

മേൽ പറഞ്ഞവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12/29-11-2018) ഗ്രാമ പഞ്ചായത്ത് തുക കുറവായി വകയിരുത്തിയതിലാണ് 5 മാസത്തെ പാലളവിന് മാത്രം സബ്സിഡി അനുവദിച്ചത് എന്നാണ് നിർവഹണ ഉദ്യോഗസ്ഥയായ ഡയറി എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചത്.

ക്ഷീര കർഷകർക്ക് തുടർന്ന് വരുന്ന വർഷങ്ങളിൽ സാമ്പത്തിക വർഷത്തെ പാലളവിന് മുഴുവനും സബ്സിഡി ലഭിക്കത്തക്ക വിധത്തിൽ പദ്ധതി ആസൂത്രണം ചെയ്ത്

നടപ്പിലാക്കാൻ ശ്രദ്ധക്കേണ്ടതാണ്

## 3-5 പൊതുമരാമത്ത് പ്രവൃത്തികൾ ആസൂത്രണവും നിർവ്വഹണവും-പൊതുഅവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് 40 സ്പിൽഓവർ ഉൾപ്പെടെ തൻവർഷം 102 പ്രൊജക്കുകൾക്ക് അംഗീകാരം ലഭ്യമാക്കിയെങ്കിലും 67 എണ്ണം മാത്രമേ നടപ്പിലാക്കിയിട്ടുള്ളു. വകയിരുത്തിയ 51110222/- രൂപയിൽ 33326424/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. 65% തുക മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് 2017-18 വർഷികപദ്ധതിക്കായി ആകെ 2 പ്രാവശ്യം മാത്രമേ കൂടിയിട്ടുള്ളു. 2017-18 വർഷത്തിലെ പദ്ധതി നിർദ്ദേശങ്ങൾ ആസൂത്രണം ചെയ്തത് 15.2.17 ലെയും 17.4.17 ലെയും യോഗത്തിൽ ആണ്. തൻവർഷത്തെ മറ്റു യോഗങ്ങളിൽ പദ്ധതി നിർവ്വഹണം സംബന്ധിച്ച് ക്രീയാത്മകമായ ചർച്ചകൾ നടത്തിയതായോ മോണിറ്ററിംഗ് നടത്തിയതായോ മിനിറ്റ്സ് പ്രകാരം ഇല്ല.

സ്പിൽ ഓവർ പ്രൊജക്റ്റുകളുടെ ബാഹുല്യവും മറ്റ് സാങ്കേതിക കാരണങ്ങളും സാമ്പത്തികവർഷത്തെ ആദ്യ ടെണ്ടർ കരാറുകാർ ബഹിഷ്കരിച്ചതും പദ്ധതി നിർവ്വഹണം മന്ദഗതിയിലാകുവാനുള്ള കാരണമായി വിലയിരുത്തുന്നു. വ്യക്തമായ സ്ഥിതി വിവര കണക്കുകളും റോഡ് കണക്റ്റിവിറ്റി മാപ്പ്, ആസ്തി സംരക്ഷണ പദ്ധതി എന്നിവ അടിസ്ഥാനമാക്കി യഥാർത്ഥ ആവശ്യകതയ്ക്കും നിർവ്വഹണം നടക്കാൻ സാദ്ധ്യതയുള്ളവയ്ക്കും മുൻഗണന നൽകി കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ്. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പദ്ധതിനിർവ്വഹണ പുരോഗതി വിലയിരുത്തിക്കാണുന്നുണ്ടെങ്കിലും മരാമത്ത് പ്രവൃത്തികൾ കാര്യക്ഷമമാക്കുന്നതിനുള്ള ക്രിയാത്മക ചർച്ചകൾ നടത്തിയതിന്റെയോ നിർദ്ദേശങ്ങളുടേയോ വിലയിരുത്തലുകളുടേയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം സ്റ്റാന്റിംഗ് കമ്മിറ്റി നിരീക്ഷിച്ചതായും കാണുന്നില്ല. സ്പിൽ ഓവർ പ്രൊജക്റ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തുടർ വർഷങ്ങളിലെ മരാമത്ത് പ്രവർത്തികളുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ സൂക്ഷിപ്പ്

മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കുന്നുണ്ടോ എന്ന് വിലയിരുത്തിയതിന്മേലുള്ള പ്രധാന നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു. പൊതു അപാകതകൾ പരിഹരിക്കേണ്ടതാണ്.

1. കരാറുകാർ പ്രവൃത്തികളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റായി അസി.എഞ്ചിനീയറുടെ പേരിൽ പ്ലഡ്ജ് ചെയ്തു നൽകുന്ന Fixed Deposit രശീതികൾ വർക്ക് ഫയലുകളിൽ തന്നെ സൂക്ഷിച്ചിരിക്കുന്നു . അവയുടെ വിവരം സെക്യൂരിറ്റി/വാല്വബിൾസ് രജിസ്റ്ററിൽ രേഖപ്പെടുത്തി സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്.

2. പ്രവൃത്തികളുടെ ആവശ്യാനുസരണം എസ്റ്റിമേറ്റ് പുതുക്കി എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തുമ്പോൾ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല.

3. പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള കാലാവധി ടെണ്ടർ ഷെഡ്യൂളിലും സാങ്കതികാനുമതിയിലും എഗ്രിമെന്റ് രജിസ്റ്ററിലും വ്യത്യസ്തമായി കാണുന്നു.

4. വർക്ക് ഫയലുകളിൽ പ്രവൃത്തി മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ല.

5. ടെണ്ടർ ഉറപ്പിച്ചതിനുശേഷം കരാറുകാർക്ക് അയച്ചിട്ടുള്ള സെലക്ഷൻ നോട്ടീസുകളിലും നമ്പറും തിയതിയും രേഖപ്പെടുത്തുന്നില്ല. എല്ലാപ്രവൃത്തികളിലും സെലക്ഷൻ നോട്ടീസ് അയക്കുന്നില്ല.

6.. പല പ്രവൃത്തികളുടേയും എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ കൃത്യമായി ഫയലിൽ സൂക്ഷിക്കുന്നില്ല.

7. ഇ-ടെണ്ടറുകളിൽ പങ്കെടുത്ത കരാറുകാർ സമർപ്പിക്കുന്ന മുഴുവൻ രേഖകളും ടെണ്ടർ നിരക്കുകളുടെ താരതമ്യപട്ടികയും ഫയലിൽ സൂക്ഷിക്കുന്നില്ല.

പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമ ഉത്തരവ് നം- ജി2-44274/2015 /17.08.2015 - തെരുവ് വിളക്ക് പരിപാലനം സംബന്ധിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്ക് ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ, തെരുവ് വിളക്ക് മെയ് ന്റന ൻസ് രജിസ്റ്റർ, സാധന സാമഗ്രികൾക്ക് പ്രത്യേകം സ്റ്റോക്ക് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. നിലവിൽ എല്ലാ സ്റ്റോക്കുകൾക്കും കൂടെ ഒരു രജിസ്റ്ററാണ് സൂക്ഷിച്ചിട്ടുള്ളത്. സ.ഉ (സാധാ) നം 2238/2016/ത.സ്വ.ഭ.വ തീയതി25.07.16 പ്രകാരം സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ performance guarantee യുടെ വിശദാംശങ്ങളും രേഖപ്പെടുത്തേണ്ടതാണ്. കേടായ സാമഗ്രികൾ അതാത് ദിവസം തന്നെ പഞ്ചായത്തിൽ കൊണ്ടുവന്ന് രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസിൽ ചേർക്കേണ്ടതും, സാമ്പത്തിക വർഷാവസാനം സ്റ്റോക്ക് ഇൻ രജിസ്റ്ററും, സ്റ്റോക്ക് ഔട്ട് രജിസ്റ്ററും പൊരുത്തപ്പെടുത്തേണ്ടതുമാണ്. വിവിധ വാർഡുകളിലെ 10 പോസ്റ്റുകളിൽ നിന്ന് കേടായ സോഡിയം വേപ്പർ ലാമ്പുകൾ അഴിച്ചുമാറ്റി പഞ്ചായത്തിൽ എത്തിച്ചതിന്റെ വകയിൽ വൗച്ചർ നം - 264/07.07.17 മുഖേന ലേബർ ചാർജ്, വാഹന വാടക ഇനങ്ങളിൽ 2600/-രൂപ ശ്രീ വിശ്വംഭരൻ, കോങ്ങാട് എന്ന കരാറുകാരന് നൽകിയിട്ടുണ്ട്. പ്രസ്തുത 10 ലാമ്പുകൾ രജിസ്റ്റർ ഓഫ് അൺസർവ്വീസബിൾ ഐറ്റംസിൽ ചേർക്കേണ്ടതാണ്.

തെരുവ് വിളക്ക് വാങ്ങൽ – സമാഹരണ പദ്ധതി നിബന്ധനകൾ അവലംബിക്കേണ്ടതാണ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ08.11.2010 പ്രകാരമുള്ള സമാഹരണ പദ്ധതി നിബന്ധനകൾ പദ്ധതി നിർവ്വഹണത്തിൽ പാലിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ മതിയായ എണ്ണം വർഷാരംഭത്തിൽ കണക്കാക്കി ബജറ്റിൽ തുക വകയിരുത്തി ഒന്നിച്ച് വാങ്ങാവുന്നതാണ്. പ്രൊക്യൂർമെന്റ് ടീം ടി വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-17 ഗാർഹിക കണക്ഷനുകൾ അനുവദിച്ച് പൊതുടാപ്പുകളുടെ എണ്ണം കുറക്കേണ്ടതാണ്

പഞ്ചായത്ത് നിലവിൽ ഒരു കുടിവെള്ളപദ്ധതിയാണ് (കള്ളപ്പാടി കുടിവെള്ളപദ്ധതി) നേരിട്ട് നടത്തുന്നത്. ആയതിൽ 23പൊതുടാപ്പുകളൊഴികെ ഗാർഹിക/ ഗാർഹികേതര കണക്ഷനുകൾ ഇല്ല. പദ്ധതിക്കായി സാമ്പത്തിക വർഷം ചെലവഴിച്ച തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ചെലവ് |
|---|---|
| പമ്പ് ഓപ്പറേറ്റർ വേതനം | 27375 (365x75) |
| വൈദ്യുതി ചാർജ് | 6810 |
| അറ്റകുറ്റപണി | 7800 |
| ആകെ | 41985 |

പഞ്ചായത്തിന്റെ തനത് വരുമാന സ്രോതസ്സുകൾ പരിമിതമായ സാഹചര്യത്തിൽ സ.ഉ (സാധാ) നം 1275/2009/ ത.സ്വ.ഭ.വ തീയ്യതി 30.05.2009 -കുടിവെള്ള പദ്ധതികൾ - നടത്തിപ്പ് സംരക്ഷണത്തിലെ നിർദ്ദേശങ്ങളനുസരിച്ച് വാട്ടർ അതോറിറ്റി മുഖേന ഗാർഹിക കണക്ഷനുകൾ അനുവദിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ച് ഘട്ടംഘട്ടമായി പൊതുടാപ്പുകളുടെ എണ്ണം കുറക്കാവുന്നതാണ്.

# 3-18 വാട്ടർ അതോറിറ്റി നിക്ഷേപ പ്രവർത്തികൾ - ബാലൻസ് തുക 127465/- രൂപ വിനിയോഗിക്കപ്പെടാതെ അവശേഷിക്കുന്നു.

2011-12, 2012-13, 2015-16 വർഷങ്ങളിലെ വാട്ടർ അതോറിറ്റി നിക്ഷേപ പ്രവർത്തികളുടെ വിനിയോഗത്തിനു ശേഷമുള്ള തുക 127465/- രൂപ വേലംകോട്- പാളയംകാട് പറമ്പ് കുടിവെള്ളപദ്ധതിക്ക് വിനിയോഗിക്കാവുന്നതാണെന്ന് 25.04.17 ലെ പഞ്ചായത്ത് തീരുമാനം 5(6) പ്രകാരം നിർദ്ദേശിച്ച് കാണുന്നു. പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മേൽ കുടിവെള്ളപദ്ധതിക്ക് വാട്ടർ ടാങ്ക് നിർമ്മിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് 26.10.17 ന് പഞ്ചായത്തിൽ നിന്ന് പാലക്കാട് വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും തുടർ നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല.

ബാക്കി തുക പ്രസ്തുത പദ്ധതിക്ക് വിനിയോഗിക്കാത്തപക്ഷം ആയത് റീഫണ്ട് ചെയ്യുവാൻ വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെടേണ്ടതും, റീഫണ്ട് തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടവാക്കേണ്ടതുമാണ്.

## 3-19 വി.ഇ.ഒ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ അവലോകനം

a) നടപ്പാക്കിയ പദ്ധതികൾ

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തൻവർഷം അംഗീകാരം ലഭ്യമായ 11പ്രൊജക്ടുകളിൽ 6 എണ്ണം നടപ്പാക്കിയിട്ടുണ്ട്. അന്തിമ പദ്ധതിരേഖ പ്രകാരം തൻവർഷം അംഗീകാരം നേടിയ ഗാർഹിക ബയോഗ്യാസ് പ്ലാന്റ് എന്ന പദ്ധതിക്കായി വകയിരുത്തിയ അടങ്കലും യഥാർത്ഥത്തിലുള്ള ചെലവും തമ്മിൽ വൻ അന്തരം ഉണ്ട്.വിശദാംശം താഴെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | അന്തിമപദ്ധതി രേഖപ്രകാരം വകയിരുത്തിയ തുക | ചെലവ് |
|---|---|---|
| ഗാർഹിക ബയോഗ്യാസ് പ്ലാന്റ് (പ്രൊജക്ട് നമ്പർ-12) | 220500 (101250-ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>3750-തനത് ഫണ്ട്<br>115500-ഗു.വിഹിതം) | 30000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>33000-ഗു.വിഹിതം) |

21 ഗുണഭോക്താക്കൾക്ക് തുക വകയിരുത്തിയിരുന്നെങ്കിലും 6 പേർക്ക് മാത്രമാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ബയോഗ്യാസ് ഗുണഭോക്തൃ ലിസ്റ്റിൽ 27 പേർ ഉണ്ടായിരുന്നുവെങ്കിലും 6 പേർക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്. ലിസ്റ്റിൽ മുൻഗണനാക്രമം പാലിക്കുകയോ ആനുകൂല്യം നൽകാത്തവർക്ക് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയ ഭരണസമിതിയുടെ തീരുമാനമോ രേഖപെടുത്തിയിട്ടില്ല. സർക്കാർ

മാർഗ്ഗനിർദ്ദേശപ്രകാരം ഗുണഭോക്താവിന് നൽകുന്ന 50% സബ്സിഡി തുകയുടെ പകുതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ബാക്കി പകുതി ശുചിത്വമിഷനും വഹിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 3/24.11.18 ) ഗുണഭോക്തൃ വിഹിതം അടച്ചവർക്ക് മാത്രമാണ് ആനുകൂല്യം നൽകിയതെന്നും ശുചിത്വമിഷനിൽ നിന്നും ഫണ്ട് ലഭ്യമല്ലാത്തതിനാലാണ് മുഴുവൻ തുകയും വികസന ഫണ്ടിൽ നിന്നും നൽകിയതെന്നുമാണ് മറുപടി ലഭിച്ചത്.

b) വീട് വാസയോഗ്യമാക്കൽ പ്രൊജക്റ്റിന് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ചത് മാർഗ്ഗരേഖക്ക് വിരുദ്ധം

വീട് വാസയോഗ്യമാക്കൽ എന്ന പ്രൊജക്റ്റിന് 520000 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമനമ്പർ | ബിൽ നമ്പർ | തുക | തീയ്യതി |
|---|---|---|---|
| 1 | 4/17-18 | 90000 | 25.01.18 |
| 2 | 6/17-18 | 30000 | 09.02.18 |
| 3 | 9/17-18 | 100000 | 27.02.18 |
| 4 | 10/17-18 | 100000 | 12.03.18 |
| 5 | 14/17-18 | 100000 | 26.03.18 |
| 6 | 16/17-18 | 100000 | 31.03.18 |
| | ആകെ | 5,20,000 | |

ജി.ഒ (എം.എസ്) നം.72/2017 ത.സ്വ.ഭ.വ തീയ്യതി 29.03.2017 പ്രകാരം മേൽപറഞ്ഞ പ്രവൃത്തിക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാൻ അനുമതിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (17/29.11.18) നൽകിയതിന് ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് വീട് റിപ്പയറിന് ധനകാര്യകമ്മീഷൻ ഗ്രാന്റ് നൽകിയതെന്ന് വിശദീകരണം സമർപ്പിച്ചിട്ടുണ്ട്.

b) അംഗീകാരം ലഭിച്ചിട്ടും നടപ്പാക്കാത്ത പദ്ധതികൾ

താഴെ പറയുന്ന പ്രൊജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ പട്ടിക ലഭിക്കാത്തതിനാൽ പദ്ധതി തൻവർഷം നടപ്പിലാക്കാൻ സാധിച്ചില്ല എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് | പ്രൊജക്റ്റ് നമ്പർ | അടങ്കൽ | ഫണ്ടിനം |
|---|---|---|---|

| | | | |
|---|---|---|---|
| വീട് വയറിംഗ് | 39 | 50000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| പ്ലാസ്റ്റിക് സംസ്കരണം | 40 | 159000 | ടി |
| ഹരിതകർമ്മസേന രൂപീകരണം വയബിലിറ്റി ഗ്യാപ് ഫണ്ട് | 174 | 100000 | ടി |
| പോർട്ടബിൾ അനറോബിക് ബയോബിൻ | 175 | 409500 | 203750 -ധനകാര്യ കമ്മീഷൻ ഗ്രാന്റ്<br>1000- തനത് ഫണ്ട്<br>204750- ഗുണഭോക്തൃവിഹിതം |

പദ്ധതി നിർവ്വഹിക്കുവാൻ കഴിയാത്തതിനാൽ അനുവദിച്ച പദ്ധതിഫണ്ട് നഷ്ടമാകുന്നതിനിടയാക്കപ്പെട്ടു.പദ്ധതി രൂപീകരണ വേളയിൽ തന്നെ പ്രൊജക്റ്റിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതോടൊപ്പം ആവശ്യകതയും ഫീസിബിലിറ്റിയും ഉറപ്പുവരുത്തേണ്ടതാണ്.പദ്ധതിയുടെ നിർവ്വഹണം സ്റ്റാൻിംഗ് കമ്മിറ്റികൾ വിലയിരുത്തി ആവശ്യമായ ഭേദഗതികൾ നിർദ്ദേശിച്ച് നടപ്പിലാക്കുവാൻ സാധ്യമാവാത്തപക്ഷം മറ്റു പദ്ധതികൾക്കായി പ്രസ്തുത ഫണ്ട് വകയിരുത്താവുന്നതാണ്.ഭാവിയിൽ ചെറുതും ഫലപ്രാപ്തി കുറഞ്ഞതുമായ പ്രൊജക്റ്റുകളെ ഒഴിവാക്കി വിഭവ പരിധിക്കുള്ളിൽ നിന്നുകൊണ്ട് മുൻഗണനാടിസ്ഥാനത്തിൽ പ്രൊജക്റ്റുകൾ തെരെഞ്ഞെടുത്ത് പദ്ധതിക്ക് അന്തിമ രൂപം നൽകേണ്ടതാണ്.

## 3-20 ഒരേ രീതിയിലുള്ള വാങ്ങൽ പദ്ധതികൾ - ഒറ്റ വിൻഡോ പരസ്യം നൽകേണ്ടതാണ്

സാമ്പത്തിക വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയും പ്രകാരം ഫർണിച്ചർ വാങ്ങൽ പദ്ധതികൾ നിർവ്വഹിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് നം | പ്രൊജക്റ്റ് | അടങ്കൽ | ചെലവ് |
|---|---|---|---|
| 176/18 | ആയുർവ്വേദ ആശുപത്രിയിലേക്ക് ഫർണിച്ചർ വാങ്ങൽ | 100000 | 99535 |
| 177/18 | കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ | 200000 | 198950 |

മേൽ പദ്ധതികൾക്കായി 07.12.17 ന് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതികൾക്കായി ഓൺലൈൻ വിൻഡോ പരസ്യം വേർതിരിച്ചാണ് നൽകിയിട്ടുള്ളത്.

രണ്ടു പദ്ധതികൾക്കും സാലി അസോസിയേറ്റ്സ്, വടക്കഞ്ചേരി , എഫാർ ട്രേഡേഴ്സ് ,പാലക്കാട് എന്നീ രണ്ട് സ്ഥാപനങ്ങളാണ് ടെണ്ടർ നൽകിയിട്ടുള്ളത്. ക്രമ നം 1 ലെ പദ്ധതിക്ക് സാലി അസോസിയേറ്റ്സിന്റെ ടെണ്ടറും, ക്രമ നം 2 ലെ പദ്ധതിക്ക് എഫാർ ട്രേഡേഴ്സിന്റെ ടെണ്ടറും ആണ് സ്വീകരിച്ചിട്ടുള്ളത്. കുറഞ്ഞ നിരക്കിലുള്ള ടെണ്ടറുകളാണ് സ്വീകരിച്ചതെങ്കിലും ഒരേ രീതിയിലുള്ള വാങ്ങൽ പദ്ധതികൾക്ക് ഒറ്റ വിൻഡോ പരസ്യം നൽകുന്നതാണ് അഭികാമ്യം. വിൻഡോ പരസ്യം വെവ്വേറെ നൽകുമ്പോൾ ഒരേ സ്ഥാപനം തന്നെ ഒരുപോലെയുള്ള സ്പെസിഫിക്കേഷനുകളോടുകൂടിയ സാമഗ്രികൾക്ക് വിവിധ നിരക്കുകൾ ക്വാട്ട് ചെയ്യാം. മേൽ പദ്ധതികൾ പ്രകാരം വാങ്ങിയ സാമഗ്രികളുടെ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി | സാമഗ്രികൾ | സാലി അസോസിയേറ്റ്സിന്റെ നിരക്ക് | എഫാർ ട്രേഡേഴ്സിന്റെ നിരക്ക് |
|---|---|---|---|
| ആയുർവ്വേദ ആശുപത്രിയിലേക്ക് ഫർണിച്ചർ വാങ്ങൽ | പ്ലാസ്റ്റിക് കസേര | 445 | 450 |
| കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ | | 450 | 448 |
| ആയുർവ്വേദ ആശുപത്രിയിലേക്ക് ഫർണിച്ചർ വാങ്ങൽ | മേശ (Novapan top 54x30x30 20 guage | 6960 | 7000 |
| കമ്മ്യൂണിറ്റി ഹാളിലേക്ക് ഫർണിച്ചർ വാങ്ങൽ | | 7000 | 6950 |

മേൽ കാരണത്താൽ ഒരേ രീതിയിലുള്ള വാങ്ങൽ പദ്ധതികൾ ക്ക് ആയത് വിവിധ നിർവ്വഹണോദ്യോഗസ്ഥർ മുഖേനയാണെങ്കിലും ഒറ്റ വിൻഡോ പരസ്യം നൽകേണ്ടതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും, സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ ജി.ഒ (പി) 259/2010 ത.സ്വ.ഭ.വ08.11.2010 പ്രകാരമുള്ള സമാഹരണ പദ്ധതി

നിബന്ധനകൾ പദ്ധതി നിർവ്വഹണത്തിൽ പാലിക്കേണ്ടതാണ്. സാധന സാമഗ്രികളുടെ മതിയായ എണ്ണം വർഷാരംഭത്തിൽ കണക്കാക്കി ബജറ്റിൽ തുക വകയിരുത്തി ഒന്നിച്ച് വാങ്ങാവുന്നതാണ്. പ്രൊക്യൂർമെന്റ് ടീം ടി വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-21 സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ- മാർഗരേഖ പ്രകാരമുള്ള നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നില്ല

| പ്രോജക്റ്റ് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 33/18, സാന്ത്വന പരിചരണം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 500000 (പ്ലാൻ ഫണ്ട് -ജനറൽ) | 364651 (160196/- ബിൽ നം.1/19.12.2018, 204455/- ബിൽ നം.6/12.01.2018 ) |

മേൽ പ്രോജക്റ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

- പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ (സ.ഉ.(സാധാ)3217/2015 /തസ്വഭവ,തീയതി.29.10.2015) പ്രകാരം ഈ ഉത്തരവിലെ അനുബന്ധം.9 ൽ കൊടുത്ത മാതൃകയിലുള്ള ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും, വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) യോഗത്തിൽ അവതരിപ്പിക്കേണ്ടതും അത് യോഗം വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ഇത്തരത്തിൽ വരവ്-ചെലവുകൾ പി.എം.സി യോഗത്തിൽ അവതരിപ്പിച്ചിട്ടില്ല.

- പി.എം.സി യോഗം രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ് എന്ന് മേൽ ഉത്തരവിൽ പറയുന്നുണ്ട്. എന്നാൽ 26.04.2017, 26.05.2017, 27.09.2017, 21.12.2017, 21.03.2018 ൽ മാത്രമാണ് യോഗം ചേർന്നത് രണ്ട് മാസത്തിലൊരിക്കൽ യോഗം ചേരണമെന്നത് കൃത്യമായി പാലിക്കുന്നില്ല.

- പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC) ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതാണ് എന്ന് മേൽ ഉത്തവ് പ്രകാരം നിർദ്ദേശിക്കുന്നുണ്ടെങ്കിലും അപ്രകാരം 2017-18 സാമ്പത്തിക വർഷം പുതിയ കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

- ഗ്രാമ പഞ്ചായത്ത് ഏറ്റെടുക്കുന്ന പാലിയേറ്റീവ് കെയർ പദ്ധതിക്ക് ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

- പ്ലാൻ ഫണ്ട് 500000 രൂപ വകയിരുത്തിയിട്ടും 2017 ഡിസംബർ വരെയുള്ള ചെലവുകൾക്ക് 364651രൂപ മാത്രമാണ് ചെലവഴിച്ചത്. 135349 ബാക്കിയുണ്ടായിരുന്നിട്ടും 2018 ജനവരി മാസം മുതൽ മാർച്ച് വരെയുള്ള പാലിയേറ്റീവ് കെയർ പദ്ധതിക്കായി തുക ചെലവഴിച്ചില്ല (പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (PMC)യുടെ 21.03.2018 ലെ യോഗത്തിൽ ജനവരി മുതൽ മാർച്ച് വരെയുള്ള ഫണ്ട് ചെലഴിക്കാൻ ബിൽ നൽകുമെന്ന് പറഞ്ഞിരുന്നെങ്കിലും തുക ചെലവഴിച്ചില്ല)

  പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ (സ.ഉ (സാധാ)3217/2015 /തസ്വഭവ,തീയതി.29.10.2015) കൃത്യമായി പലിക്കാൻ ഭാവിയിൽ ശ്രദ്ധിക്കുന്നതാണ് എന്ന് നിർവഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം.15/29-11-2018)

## 3-22 ഐ.സി.ഡി.എസ്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ പ്രൊജക്ടുകളുടെ അവലോകനം

a) കട്ടിൽ വിതരണം -കുറഞ്ഞ ടെണ്ടർ സ്വീകരിക്കാത്തതിനാൽ രൂപ നഷ്ടം

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ : 158

പ്രൊജക്ട് : പട്ടികജാതിയിൽ പെട്ട വൃദ്ധർക്ക് കട്ടിൽ വിതരണം

അടങ്കൽ : 456750 (പദ്ധതി വിഹിതം-എസ്.സി.പി-455000

തനത് ഫണ്ട്-1750)

ചെലവ് : 455000

ബിൽ നമ്പർ : 13/17-18 dt 2.3.18

പട്ടികജാതിയിൽ പെട്ട വൃദ്ധർക്ക് കട്ടിൽ വിതരണം എന്ന പ്രൊജക്ട് പ്രകാരം 114 ഗുണഭോക്താക്കൾക്കായി മരത്തിന്റെ കട്ടിലുകൾ വിതരണം ചെയ്തിട്ടുണ്ട്. ലഭ്യമാക്കിയ 5 സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | സ്ഥാപനം ക്വാട്ട് ചെയ്ത തുക |
|---|---|
| ഇംപാക്ട് എന്റർപ്രൈസസ്, ആലിപറമ്പ് പി.ഒ മലപ്പുറം | 3800 |
| സംസം ഇൻഡസ്ട്രീസ്, കൊടുന്തിരപ്പുള്ളി | 4199 |

| | |
|---|---|
| കെ.പി.എം.എന്റർപ്രൈസസ്, ചെർപ്പുളശ്ശേരി | 4000 |
| എഫ്ഫാർ ട്രേഡിംഗ്, പട്ടിക്കര, പാലക്കാട് | 4225 |
| രാജധാനി ഏജൻസീസ്, ചെർപ്പുളശ്ശേരി | 3767 |

ഇതിൽ ഏറ്റവും കുറവ് തുക രേഖപെടുത്തിയത് രാജധാനി ഏജൻസീസ് ആണെങ്കിലും കട്ടിലുകൾ വാങ്ങിയിരിക്കുന്നത് ഇംപാക്ട് എന്റർപ്രൈസസിൽ നിന്നാണ്. പ്രസ്തുത സ്ഥാപനത്തിൽ നിന്നും കട്ടിൽ വാങ്ങാനുള്ള നിർവ്വഹണ ഉദ്യോഗസ്ഥന്റെ ശുപാർശയും കുറവ് തുക രേഖപെടുത്തിയ രാജധാനി ഏജൻസീസിൽ നിന്നും വാങ്ങാതിരുന്നതിന്റെ കാരണവും രേഖപെടുത്തുകയോ ഭരണസമിതിയെ അറിയിക്കുകയോ ചെയ്തിട്ടില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 17.10.17 ൽ കൂടിയ യോഗത്തിൽ തീരുമാനം 5 ആയി "സ്പെസിഫിക്കേഷൻ പ്രകാരമുള്ള ടെണ്ടർ സമർപ്പിച്ച ഇംപാക്ട് എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ച തീരുമാനിച്ച്"എന്ന് മാത്രമാണ് രേഖപെടുത്തിയിട്ടുള്ളത്. ഭരണസമിതിയുടെ 19.10.17 ന് ചേർന്ന യോഗത്തിലെ തീരുമാനം നമ്പർ 2/2(11) ൽ കുറവ് നിരക്ക് രേഖപെടുത്തിയ ഇംപാക്ട് എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും സപ്ലൈ ഓർഡർ നൽകുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസറെ ചുമതലപെടുത്തുകയും ചെയ്തു.

ബിൽ നമ്പർ 13/17-18 തീ.2.3.18 പ്രകാരം 4,55,000 രൂപ 114 കട്ടിൽ വിതരണം ചെയ്തതിന് ഇംപാക്ട് എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ അക്കൗണ്ട് നമ്പറിലേക്ക് (67357737632) ട്രാൻസ്ഫർ ചെയതിട്ടുണ്ട്. സമർപ്പിച്ച 4 ടെണ്ടറുകളിൽ കുറവ് തുക രേഖപെടുത്തിയ രാജധാനി ഏജൻസീസിന്റെ ടെണ്ടർ സ്വീകരിക്കാതിരുന്നതിനാൽ 26562 രൂപയുടെ അധിക ചെലവുണ്ടായി.(114*4000-114*3767).ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/29.11.18) രാജധാനി ഏജൻസീയുടെ കട്ടിൽ ഗുണനിലവാരം ഇല്ലാത്തതായിരുന്നു എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി സമർപ്പിച്ചത്. എന്നാൽ ഇത് സാധൂകരിക്കുന്ന രേഖകളോ പർച്ചേസ് കമ്മിറ്റിയുടേയോ ഭരണസമിതിയുടേയോ തീരുമാനമോ ഇല്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 26562 രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

b) കട്ടിൽ വിതരണം-ഗുണഭോക്തൃ ലിസ്റ്റിൽ മുൻഗണനാക്രമം പാലിച്ചില്ല.

ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 211 ഗുണഭോക്താക്കൾ ഉണ്ടെങ്കിലും ലിസ്റ്റിൽ നിന്നും മുൻഗണനാക്രമം പാലിക്കാതെയും ഒഴിവാക്കിയവരുടെ ലിസ്റ്റ് ഭരണസമിതി അംഗീകരിക്കാതെയുമാണ് 114 പേർക്ക് ആനുകൂല്യം നൽകിയിരിക്കുന്നത്. തയ്യാറാക്കിയ മുൻഗണനാലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ കരുതുന്നുവെങ്കിൽ അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തിയ ശേഷം മുൻഗണനാ ക്രമത്തിൽ മാറ്റം വരുത്തുകയോ അനർഹരെ ഒഴിവാക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ ഇപ്രകാരം എന്തു മാറ്റം വരുത്തുന്നതും ഗ്രാമസഭയുടെ സാധൂകരണം നേടണം. ആയത് ചെയ്തിട്ടില്ല.

താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിൽ അപാകത കാണുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | വാർഡ് നമ്പർ | റിമാർക്സ് |
|---|---|---|---|
| 1 | രക്കമ്മ w/o അയ്യപ്പൻ, പട്ടത്ത്പാറ വീട്, കേരളശ്ശേരി | 3 | ആധാർ പ്രകാരം 57 വയസ്സാണ്. |
| 2 | രാമൻ, പരിവായക്കോട്, കുണ്ടളശ്ശേരി | 5 | ജാതി സർട്ടിഫിക്കറ്റ് ഇല്ല |
| 3 | മുണ്ടി വി.സി, പുത്തൻതൊടി, കേരളശ്ശേരി | 5 | ആധാർ പ്രകാരം 58 വയസ്സാണ്. |
| 4 | വേലായുധൻ, അരിഏക്കപറമ്പ് വീട്, കേരളശ്ശേരി | 6 | ജാതി സർട്ടിഫിക്കറ്റ് ഇല്ല |
| 5 | പാർവ്വതി, ചാത്തൻചിറ പറമ്പ് കോളനി, കേരളശ്ശേരി | 7 | ജാതി സർട്ടിഫിക്കറ്റ് ഇല്ല |
| 6 | ജാനകി, ചാത്തൻചിറ പറമ്പ്, കേരളശ്ശേരി | 7 | ആധാർ പ്രകാരം 59 വയസ്സാണ്. |
| 7 | അമ്മു, വേലംകോട്, തടുക്കശ്ശേരി | 11 | ആധാർ പ്രകാരം 53 വയസ്സാണ്. |
| 8 | അമ്മിണി, ചല്ലിപറമ്പിൽ, തടുക്കശ്ശേരി | 12 | ആധാർ, ജാതി സർട്ടിഫിക്കറ്റ് എന്നിവ ഇല്ല. |
| 9 | കാളി w/o ചാമി, മുണ്ടൻമൂച്ചിക്കൽ, തടുക്കശ്ശേരി | 12 | ജാതി സർട്ടിഫിക്കറ്റ് ഇല്ല. |
| 10 | വെള്ളച്ചി, മുടിക്കാട്ട് പറമ്പ്, തടുക്കശ്ശേരി | 13 | ജാതി സർട്ടിഫിക്കറ്റ് എന്നിവ ഇല്ല. |
| 11 | പാഞ്ചാലി, കരിമ്പനക്കുന്ന്, കുണ്ടളശ്ശേരി | 3 | അക്വിറ്റൻസ് രജിസ്റ്ററിൽ ഒപ്പില്ല. |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (13/29.11.18) പ്രായമുള്ളവർക്കും അസുഖബാധിതർക്കും മുൻഗണന നൽകിയതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്ന മറുപടിയാണ് നൽകിയത്.

ഭാവിയിൽ ആനുകൂല്യം നൽകുന്നതിന് മുമ്പായി അർഹതയുള്ളവർ മാത്രമേ ഗുണഭോക്തൃ ലിസ്റ്റിൽ വരുന്നതെന്നും ആനുകൂല്യം നൽകുന്നതിന് മുമ്പായി എല്ലാ രേഖകളും സമർപ്പിച്ചു എന്നും ഉറപ്പാക്കേണ്ടതാണ്.

c) അംഗൻവാടികൾക്ക് കളിക്കോപ്പ്, കസേര വാങ്ങി നൽകൽ പ്രൊജക്ട് -ടെണ്ടർ ഉറപ്പിച്ചതിനു ശേഷം പ്രൊജക്ട് ഉപേക്ഷിച്ചു

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് നമ്പർ : 30

അടങ്കൽ : 225600 (പദ്ധതി വിഹിതം-എസ്.സി.പി)

അംഗനവാടികൾക്ക് കളികോപ്പ്,കസേര വാങ്ങി നൽകൽ എന്ന പ്രൊജക്റ്റിന് അംഗീകാരം ലഭ്യമാവുകയും ടെണ്ടർ നടത്തിയതിനു ശേഷം കുറവ് നിരക്ക് രേഖപെടുത്തിയ Vicco Trading, Arimbur എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കാൻ പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ 17.10.17 ൽ കൂടിയ യോഗത്തിൽ തീരുമാനിക്കുകയും ചെയ്തതാണ്. ഭരണസമിതിയുടെ 19.10.17 ന് ചേർന്ന യോഗത്തിലെ തീരുമാനം നമ്പർ 2/2(10) ൽ കുറവ് നിരക്ക് രേഖപെടുത്തിയ ഇംപാക്റ്റ് എന്റർപ്രൈസസ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും സപ്ലൈ ഓർഡർ നൽകുന്നതിന് ഐ.സി.ഡി.എസ് സൂപ്പർവൈസറെ ചുമതലപെടുത്തുകയും ചെയ്തു. എന്നാൽ പ്രസ്തുത സപ്ലൈ ഓർഡർ ചെയ്തതിന്റെ രേഖകളൊന്നും ഓഡിറ്റിന് ഹാജരാക്കിയില്ല. 3.3.2018 ന് സാധനങ്ങൾ ലഭ്യമായില്ലെന്ന് Vico Trading ന് അയച്ച കത്ത് മാത്രമാണ് ഹാജരാക്കിയത്. ആവശ്യമായ സമയം ഉണ്ടായിരുന്നിട്ടും സാധനങ്ങൾ സപ്ലൈ ചെയ്യാതിരുന്നതിന് സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കുകയോ റീടെണ്ടറിനുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ വീഴ്ചയാണ്. ഭരണസമിതി നിർദ്ദേശിച്ചിട്ടും പ്രസ്തുത പ്രൊജക്റ്റ് നടപ്പാക്കാത്തതിന്റെ കാരണങ്ങൾ സെക്രട്ടറിയെയോ ഭരണസമിതിയേയോ അറിയിച്ചതിന്റെ രേഖയോ ഹാജരാക്കിയില്ല. പ്രസ്തുത പ്രൊജക്റ്റ് ഉപേക്ഷിക്കാൻ ഭരണസമിതി തീരുമാനിച്ചതായി മിനിട്സിൽ രേഖപെടുത്തിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1)ഭരണസമിതി അംഗീകരിച്ചതിന് ശേഷമുള്ള പ്രൊജക്റ്റിന് അന്തിമ രൂപം നൽകുന്നതിന് മുമ്പ് തന്നെ പദ്ധതി നടപ്പിലാക്കാനാവശ്യമായ എല്ലാ ഘടകങ്ങളും ഉറപ്പ് വരുത്തേണ്ടതാണ്.

2)പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കിയതിന് ശേഷം ആയത് നിർദ്ദിഷ്ട കാലയളവിൽ തന്നെ പൂർത്തിയാക്കുവാൻ സാധിക്കുമെന്നത് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതാണ്.

മേൽ സൂചിപ്പിച്ച പ്രൊജക്റ്റുകൾ നടപ്പാക്കാത്തത് മൂലം ഇവയ്ക്കായി വകയിരുത്തിയ സ്രോതസ്സ് മറ്റ് സാധ്യതകൾക്ക് വിനിയോഗിക്കുവാൻ കഴിഞ്ഞില്ല. ഭാവിയിൽ ഇത്തരം സാഹചര്യം ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.ആയത് സംബന്ധിച്ച് മോണിറ്ററിംഗ് ചുമതലയുള്ള വർക്കിംഗ് ഗ്രൂപ്പോ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പ്രവർത്തനം മോണിറ്റർ ചെയ്യുകയോ കൃത്യമായ നിർദ്ദേശങ്ങൾ നൽകുകയോ ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-23 ടി.എച്ച്.ആർ.എസ് ലാബ് റിപ്പോർട്ട് സംബന്ധിച്ച്

കേരളശ്ശേരി ഗ്രാമ പഞ്ചായത്തിൽ പോഷകാഹാരത്തിന്റെ ഭാഗമായി അംഗണവാടികൾക്ക് ലഭ്യമാകുന്ന ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ 2017-18 സാമ്പത്തിക വർഷത്തിൽ 5.5.17, 21.6.17 എന്നീ മാസങ്ങളിൽ മാത്രമാണ് പരിശോധന റിപ്പോർട്ട് ചെന്നൈയിൽ സ്ഥിതി ചെയ്യുന്ന ലാബിലേക്ക് അയച്ചിട്ടുള്ളൂ.ആയതിനുള്ള ലാബ് റിപ്പോർട്ട് പ്രസ്തുത കാലയളവിൽ ലഭ്യമായിട്ടുണ്ട്.

സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ICDS.ബി.3-312/2010 നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കി തൃപ്തികരമാണെന്നുള്ള റിപ്പോർട്ട് ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.കൂടാതെ സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് ലാബ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുമ്പശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും അറിയിച്ചിട്ടുണ്ട്.ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ആയതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതുമാണ്.

## 3-24 വികലാംഗർക്ക് ഉപകരണങ്ങൾ വാങ്ങൽ -ജില്ലാ പഞ്ചായത്ത് വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്റ്റ് നമ്പർ : 101

പ്രൊജക്റ്റ് : വികലാംഗർക്ക് ഉപകരണങ്ങൾ വാങ്ങൽ -ജില്ലാ പഞ്ചായത്ത്

വിഹിതം

അടങ്കൽ : 200000 (പദ്ധതി വിഹിതം-100000

ബ്ലോക്ക് പഞ്ചായത്ത്-100000)

ചെലവ് : 80000 (പദ്ധതി വിഹിതം)

ബിൽ നമ്പർ : 9/17-18 dt 23.2.18

വികലാംഗർക്ക് ഉപകരണങ്ങൾ വാങ്ങൽ -ജില്ലാ പഞ്ചായത്ത് വിഹിതം എന്ന

പ്രൊജക്ടുമായി ബന്ധപെട്ട് 80000 രൂപ ജില്ലാ പഞ്ചായത്തിലേക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത തുക നൽകിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (13/29.11.18 ) മുഖേന ആവശ്യപെട്ടുവെങ്കിലും ഹാജരാക്കിയില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-25 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ്.

കേരളശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ച് വരുന്ന അംഗൻവാടികളുടെ ഭൗതികസാഹചര്യങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | അടിസ്ഥാന വിവരം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികളുടെ എണ്ണം | 02(കാരപറമ്പ്, പൊറ്റയിൽപ്പടി) |
| 2 | വാടക കെട്ടിത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ എണ്ണം | 02 |
| 3 | വൈദ്യുതി ഇല്ലാത്തവയുടെ എണ്ണം | 01 |
| 4 | ചുറ്റ് മതിൽ ഇല്ലാത്തവയുടെ എണ്ണം | 02 |
| 5 | ശുദ്ധജല സംഭരണികൾ ഇല്ലാത്തവ | 8 |
| 6 | ബേബി ഫ്രണ്ടലി ടോയലറ്റ് ഇല്ലാത്തവയുടെ എണ്ണം | 21 |
| 7 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | 1 |

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭ.വ തിയതി 3-9-2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 2017-18 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം 6,15,436രൂപ കേന്ദ്ര ഫണ്ടിനത്തിൽ നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. ആയതിൽ പോഷകാഹാരത്തിനുള്ള തുക മാറ്റി വെച്ച് ബാക്കി തുക അങ്കണവാടികളുടെ ഭൗതിക

സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ വിനിയോഗിക്കേണ്ടതാണ്.

അങ്കണവാടികളുടെ പ്രവർത്തനം, പോഷകാഹാര വിതരണം ഫലപ്രദമാണോ എന്ന് ഉറപ്പാക്കേണ്ടതിലേക്ക് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-26 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി - വിവിധ പ്രവർത്തികളുടെ ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

2017-18 സാമ്പത്തിക വർഷം മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർവ്വഹിച്ച വ്യക്തിഗത ഗുണഭോക്താക്കൾ ഉൾപ്പെട്ട കിണർ റീചാർജ്, കംപോസ്റ്റ്/മഴക്കുഴി നിർമ്മാണം തുടങ്ങിയ പ്രവർത്തികളുടെ ഗുണഭോക്തൃ ലിസ്റ്റ് പരിശോധിച്ചതിന്റെ വിശദ വിവരം താഴെ ചേർക്കുന്നു.

1. കിണർ റീചാർജ് - ആകെ ഗുണഭോക്താക്കൾ -8

27.06.17 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നമ്പർ 6(10) പ്രകാരമുള്ള ഗുണഭോക്താക്കൾ ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടുകാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

വാർഡ് 1-മഞ്ഞപ്പാറ

1. വേലായുധൻ നായർ

2. ചെറുകാട് വനജ

വാർഡ് 7- കേരളശ്ശേരി

3. മേലുവീട്ടിൽ ചന്ദ്രിക (ഗ്രാമസഭാ ലിസ്റ്റിൽ ടി ഗുണഭോക്താവ് ആട് വിതരണ പദ്ധതിയിലാണ് ഉൾപ്പെട്ടിട്ടുള്ളത്)

4. താഴത്തുവീട് കേശവൻ

വാർഡ് 10 - മാനിയംകുന്ന്

5. സിനി ആന്റണി പനന്തോട്ടത്തിൽ

6. രാമദാസ് ശ്രേയസ്സ് (ഗ്രാമസഭാ ലിസ്റ്റിൽ ടി ഗുണഭോക്താവ് കംപോസ്റ്റ്/മഴക്കുഴി

പദ്ധതിയിലാണ് ഉൾപ്പെട്ടിട്ടുള്ളത്)

കംപോസ്റ്റ്/മഴക്കുഴി നിർമ്മാണം - ആകെ ഗുണഭോക്താക്കൾ - 8

30.11.17 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം നമ്പർ 6(10) പ്രകാരമുള്ള ഗുണഭോക്താക്കൾ ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ടുകാണുന്നില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

വാർഡ് 2- വടശ്ശേരി

1. കുഞ്ഞിലക്ഷ്മി, മാമ്പറ്റപറമ്പ്

2. കുഞ്ഞിലക്ഷ്മി, ചുങ്കത്ത്

വാർഡ് 6- കിഴക്കുമുറി

1. ശാരദ, കരടിമലക്കുണ്ടിൽ

ഗ്രാമസഭാ ലിസ്റ്റിലുള്ള ഗുണഭോക്താക്കൾ പലരും പഞ്ചായത്ത് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുന്നുമില്ല. പഞ്ചായത്ത് ഭരണസമിതി തീരുമാനങ്ങൾ പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുത്തതിന് സ്വീകരിച്ച മുൻഗണനാ മാനദണ്ഡം, ഭൂവികസനം, ജലസംരക്ഷണം തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നതിന് മുന്നോടിയായി സർവ്വെ നടത്തിയതിന്റെ വിവരം എന്നിവ വിശദമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം - 16/ 29.11.18) പഞ്ചായത്ത് താഴെ പറയും പ്രകാരമാണ് വിശദീകരണം സമർപ്പിച്ചിട്ടുള്ളത്.

ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കളുടെ യോഗം വിളിച്ചെങ്കിലും പ്രവർത്തി പൂർത്തീകരിക്കുന്നതിന് തൊഴിലുറപ്പ് വിഹിതത്തിന് പുറമെ വരുന്ന അധിക തുക അടക്കുവാൻ പ്രസ്തുത ഗുണഭോക്താക്കൾ തയ്യാറാകാത്തത് കൊണ്ടാണ് അവരെ ഒഴിവാക്കിയത്.ആയതിനാൽ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി അയൽക്കൂട്ടതല ചർച്ച നടത്തി വാർഡുതലത്തിൽ താൽപര്യമുള്ള ഗുണഭോക്താക്കളെ കണ്ടെത്തി ക്രോഡീകരിച്ച് ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചാണ് പ്രവർത്തി നടത്തിയിട്ടുള്ളത്. ഗുണഭോക്താക്കളുടെ ലിസ്റ്റ് ഏറ്റവും അടുത്ത ഗ്രാമസഭയിൽത്തന്നെ അജണ്ടയായി ചേർത്ത് സാധൂകരണം വാങ്ങുന്നതാണ്.

മറുപടിയിൽ പരാമർശിച്ച പ്രകാരം ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച്

സാധൂകരിക്കേണ്ടതും, തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 822500 | 11/18, സമഗ്ര നെൽകൃഷി വികസനം | 822500 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1175000 | 11/18, സമഗ്ര നെൽകൃഷി വികസനം | 1175000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | 18/18, ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 200000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 200000 | 18/18, ക്ഷീര സംഘങ്ങൾ വഴി വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 200000 | 0 |

# 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന വായ്പ | സ.ഉ.(സാധാ) നം. 2062/2010 /22.06.2010 | 6598400 | 2949836 | 800000 | - | 2149836 |

# 4-5 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹63032706 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 62070772 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 246001 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | - |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-7 | | 3355/- | ശ്രീ. ഹരികൃഷ്ണൻ. വി. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9 | | 117750/- | ശ്രീ. ഹരികൃഷ്ണൻ. വി. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | | 27456/-(പിഴ) | ശ്രീ. ഹരികൃഷ്ണൻ. വി. അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | | 97440/-(പിഴ) | ശ്രീ. ഹരികൃഷ്ണൻ. വി. അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 246001 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | - | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| - | ഒന്നുമില്ല |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| ശ്രീ. ഹരികൃഷ്ണൻ. വി.<br>അസിസ്റ്റന്റ്<br>എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കാരാക്കുറിശ്ശി<br>ഗ്രാമപഞ്ചായത്ത് | ആംസൺ വില്ല,<br>കടമ്പഴിപ്പുറം ,<br>പാലക്കാട്.<br>678004 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.പി-12/467/2003/ 03-07-2003 | F.R |
| 1997-98 | എൽ.എഫ്.പി.12/505/2003/ 05-072003 | F.R |
| 1998-99 | എൽ.എഫ്.പി.12/999/05/ 15-02-2006 | ഓഡിറ്റ് റിപ്പോർട്ട് |
| 1999-00 | എൽ.എഫ്.പി.12/1683/07/ 21-01-2008 | F.R |
| 2000-01 | എൽ.എഫ്.പി.12/1684/07/ 21-01-2008 | F.R |
| 2001-02 | എൽ.എഫ്.പി.12/80/09/ 18-08-2009 | F.R |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.പി.12/81/09/ 26-06-2009 | F.R |
| 2003-04 | എൽ.എഫ്.പി.17/228/10 /22-09-2010 | F.R |
| 2004-05 | എൽ.എഫ്.പി.17/1460/10/ 16-08-2010 | F.R |
| 2005-06 | എൽ.എഫ്.പി.17/567/10/ 27-10-2010 | FR |
| 2006-07 | എൽ.എഫ്.പി.12/85/2009/ 05-02-2010 | FR |
| 2007-08 | എൽ.എഫ്.പി.17/1202/10/ 14-07-2011 | ഓഡിറ്റ് റിപ്പോർട്ട് |
| 2008-09 | എൽ.എഫ്.പി.17/1203/ 2010/14-07-2011 | ഓഡിറ്റ് റിപ്പോർട്ട് |
| 2009-10 | എൽ.എഫ്.പി.17/748/12/ 03-07-2012 | ശുദ്ധിപത്രം |
| 2010-11 | എൽ.എഫ്.പി.17/1436/13/ 06-11-13 | FR |
| 2011-12 | എൽ.എഫ്.പി.17/232/14/ 07-03-14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.പി.17/390/15/ 18-05-15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14, 2014-15 | നം.കെ.എസ്.എ-പികെഡി17/1010/16 തീ.15.07.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | നം.കെ.എസ്.എ-പികെഡി17/2140/16 തീ.31/12/16 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | നം.കെ.എസ്.എ.പി.കെ.ഡി പി17-1361/2017, തീ.26.09.2017. | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ.

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-പികെഡി.21/1904(49) തിയതി:29-8-2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ

ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കേരളശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

**2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.**

1) വസ്തു നികുതി : തുകകൾ സാംഖ്യയിലും സഞ്ചയയിലും വ്യത്യാസപ്പെട്ടിരിക്കുന്നു.

2) തൊഴിൽ നികുതി : ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കിലെ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

3)ഡി& ഒ ലൈസൻസ് : ഡിമാന്റ് രജിസ്റ്ററിലെയും വാർഷികകണക്കിലെയും ഡിമാന്റ് വ്യത്യസ്തമാണ്.

4) ഗുണഭോക്തൃവിഹിതം: രജിസ്റ്ററിലെ തുകയും വാർഷിക കണക്കിലെ (RP-31) തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

5)ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി: രജിസ്റ്ററും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല

6) തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് (SBI) നീക്കിയിരിപ്പ് ക്രഡിറ്റ് ബാലൻസാണ് ( -8882/ രൂപ).

7) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികളിൽ ഡിപ്രീസിയേഷൻ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

8) Capital Work in progress എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയ 16184964/ - രൂപയുടെ വിശദവിവരം - (വർക്ക് ഷീറ്റ് )പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

9) തൻവർഷ കുടിശ്ശിക തുകകൾക്ക് I & E അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം-2

## റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം &

# എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ്- സംക്ഷിപ്തം

| | | | |
|---|---|---|---|
| | Keralasseri Grama Panchayat | | |
| | INCOME & EXPENDITURE STATEMENT | | |
| | For the period from 01-April-2017 to 31-March-2018 | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 1968394.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 18672.00 |
| 140000000 | Fee & User Charges | I-4(b) | 229251.00 |
| 150000000 | Sale & Hire Charges | I-5(b) | 91901.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 99967004.00 |
| 171000000 | Interest Earned | I-8 | 25649.00 |
| 180000000 | Other Income | I-9 | 77299.00 |
| | Total Income | | 102378170.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 7514988.00 |
| 220000000 | Administrative Expenses | I-11(b) | 1165624.00 |
| 230000000 | Operations & Maintenance | I-12(b) | 512804.00 |
| 240000000 | Interest & Finance Charges | I-13 | 64098.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 7262369.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 20033458.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1586243.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 218898.00 |

| | | | |
|---|---|---|---|
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 31396700.00 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 7053289.00 |
| | Total Expenditure | | 76808471.00 |
| | Gross Surplus/ Deficit of income over Expenditure | | 25569699.00 |
| 280000000 | Prior Period Item | I-18 | -11694.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 25581393.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| | | | |
|---|---|---|---|
| | Keralasseri Grama Panchayat | | |
| | RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2017 to 31-March-2018 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 3328045.00 |
| Cash | Cash | RP-40(a) | 548.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 634215.00 |
| 140000000 | Fees & User Charges | RP-4 | 155226.00 |
| 150000000 | Sale & Hire Charges | RP-5 | 71901.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 51336919.00 |
| 171000000 | Interest Earned | RP-9 | 25649.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4656884.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 48496.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 77299.00 |
| 311000000 | Earmarked Funds | RP-29 | 21750.00 |
| 340000000 | Deposits Received | RP-34 | 1224498.00 |
| 350000000 | Other Liabilities | RP-36 | 70255.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1338021.00 |
| 460000000 | Loans, Advances and Deposits | RP-47 | 43000.00 |
| | Grand total | | 63032706.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2529752.00 |
| 220000000 | Administrative Expenses | RP-12 | 1164814.00 |
| 230000000 | Operations & Maintenance | RP-13 | 512804.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 5898440.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 7741859.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 1586243.00 |
| 253000000 | Decentralised Plan Programme-Projects not included in | RP-18 | 218898.00 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 38400.00 |
| 255000000 | Maintenance Projects | RP-20 | 7053289.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 0.0 |
| 350000000 | Other Liabilities | RP-36 | 3601904.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 64098.00 |

| | | | |
|---|---|---|---|
| 311000000 | Earmarked Funds | RP-29 | 5000.00 |
| 330000000 | Secured Loans | RP-32 | 800000.00 |
| 340000000 | Deposits Received | RP-34 | 1737375.00 |
| 350000000 | Other Liabilities | RP-36 | 1358123.00 |
| 410000000 | Fixed Assets | RP-38 | 12524583.00 |
| 412000000 | Capital work in Progress | RP-40 | 14621259.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 496931.00 |
| 460000000 | Loans, Advances and Deposits | RP-47 | 117000.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 956253.00 |
| Cash | Cash | RP-40(b) | 5681.00 |
| | Grand Total | | 63032706.00 |

| | | | |
|---|---|---|---|
| | Keralasseri Grama Panchayat | | |
| | BALANCE SHEET | | |
| | For the period from 01-April-2017 to 31-March-2018 | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 34668184.75 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 6845.00 |
| | Agency Fund | | |
| 312000000 | Reserves | B-3 | 20228490.00 |
| | Total Reserve & Surplus | | 54903519.75 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 662337.00 |
| | Total Grants, Contributions for Specific Purposes | | 662337.00 |
| Loans | | | |
| 330000000 | Secured Loans | B-5 | 2149836.00 |
| | Total Loans | | 2149836.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 1312460.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | B-9 | 575284.25 |
| | Total Current Liabilities and Provisions | | 1887744.25 |
| | TOTAL LIABILITIES | | 59603437.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 39851412.00 |
| 411000000 | Accumulated Depreciation | B-11 | -232032.00 |
| 412000000 | Capital Work in Progress | B-11(a) | 16184964.00 |
| | Total Fixed Assets | | 55804344.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 181942.00 |
| | Total Investments | | 181942.00 |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 505181.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 2149836.00 |
| 450000000 | Cash and Bank Balance | B-17 | 961934.00 |
| 460000000 | Loand, Advances and Deposits | B-18 | 200.00 |
| | Total Current Assets, Loans and Advances | | 3617151.00 |
| | Total Current Assets, Loans and Advances | | 0.0 |
| Other Assets | | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 59603437.00 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്